# എന്താണീ ഡമോക്രസി



328.5
ET

# എന്താണ് ജനാധിപത്യം?

(ഒന്നാം ഭാഗം)

എഡിററർ:
റിച്ചാർഡ് എം. കെച്ചം

കലാസംവിധായകൻ:
വിൽ ആൻേറഴ്സൺ

ചിത്രസംവിധായകൻ:
റൂത്ത് ടൗറിഗ്

വിവത്തകൻ:
ജോസഫ് മററം

ACHARYA PALACKAL JEEVASS KENDRAM
LIBRARY

DHARMARAM COLLEGE
LIBRARY
BANGALORE-29

eries VII No. 5

പ്രതിമാസഗ്രന്ഥക്ലബ്ബ്
എറണാകുളം

വില 2.00

(Malayalam)

# WHAT IS DEMOCRACY?

Edited by:
RICHARD M. KETCHUM

Art Director:
WILL ANDERSON

Picture Editor:
RUTH TRAURIG

M/328.5
KET

Translator:
JOSEPH MATTAM

Copyright, By E. P. Dutton & Co

First Impression — 1959

Printed at Sahithya Nilayam Press
Kaloor-Ernakulam

Published by K. P. Ittyerah,
Secretary, Book-A-Month Club,
Ernakulam

Price 2.00

"നമ്മിലാർക്കുംതന്നെ സത്യത്തിന്റെ ഉടമസ്ഥതയില്ലായിരുന്നുവെന്നുള്ള ധാരണയോടുകൂടി നാം സത്യത്തെ അന്വേഷിക്കുക."

—കോൺസ്റ്റൻറിൻ ഫ്രാങ്കോയിസ് വോൾനി

(1810)

രണ്ടു സെക്കൻററിലൊരിക്കൽ ഒരു കുട്ടി
വീതം ജനിക്കുന്നുണ്ടു്, ഈ ലോകത്തിൽ.
ശക്തിമത്തായ ജീവിതപ്രവാഹത്തിൽ
പ്പെടുന്ന ആ കുഞ്ഞു്, ലോകാരംഭംമുതൽ
ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാവരേയും
പോലെതന്നെ, ജീവിക്കുന്നതിനുവേണ്ടി
യുള്ള ഒരു വിശ്വാസപ്രമാണം തിരയാൻ
തുടങ്ങുകയായി. ജീവിതത്തിനു് അർത്ഥ
വും ലക്ഷ്യവും വാഗ്ദാനംചെയ്യുന്ന മഹ
ത്തായ ഒരു ആദർശസംഹിതയെ അതു്
ഉന്നംവയ്ക്കുന്നു.



# വിഷയസൂചിക


1. ജനാധിപത്യത്തിന്റെ മുഖം ........................................ 9

2. ജനാധിപത്യത്തിന്റെ വേരുകൾ ........................................ 22

പുരാതനമായ ഒരു പിതൃസ്വത്തു് —

തത്വചിന്തകന്മാരും ഭരണകർത്താക്കളും —

മദ്ധ്യയുഗങ്ങൾ —

പഴമയുടെ ഫലങ്ങൾ —

3. തുടരുന്ന പാരമ്പര്യങ്ങൾ ........................................ 35

രാഷ്ട്രങ്ങളുടെ സൃഷ്ടി —

അമേരിക്കൻ വിപ്ലവങ്ങൾ —


റഷ്യ —

ചൈന —

രാഷ്ട്രങ്ങൾ അയൽക്കാരെന്ന നിലയിൽ —

ഇന്ത്യ —

അന്താരാഷ്ട്രസഹകരണം —

4. ജനാധിപത്യം പ്രയോഗത്തിൽ .............................. 53

തിരഞ്ഞെടുപ്പുപ്രചരണങ്ങൾ —

ജൂറിമുഖാന്തിരമുള്ള വിസ്താരം —

ജീവിതം തുടിക്കുന്ന ഗ്രാമങ്ങൾ —

വിജ്ഞാനദാഹം —

പുരോഗതിയിലേയ്ക്കുള്ള രാജവീഥി —

5. ജനാധിപത്യത്തിന്റെ ഭരണഘടന .............................. 72

പരിഹാരമാർഗ്ഗം —

കരാറുകളും പങ്കാളിത്തവും —

കൂട്ടായ വിലപേശൽ —

രണ്ടാം ഭാഗം ഉടനെ പ്രതീക്ഷിയ്ക്കുക.



ജനാധിപത്യം എന്തെന്നും, കമ്മ്യൂണിസം എന്തെന്നും വിവരിക്കുന്ന രണ്ടു വിലപ്പെട്ട പുസ്തകങ്ങൾ പ്രതിമാസഗ്രന്ഥക്ലബ്ബിൽനിന്നു് പ്രസിദ്ധപ്പെടുത്തുകയാണു്. ഓരോ പുസ്തകവും ഈരണ്ടു ഭാഗങ്ങളായിട്ടാണു് വരിക്കാൎക്കു ലഭിക്കുക. 'എന്താണു് ജനാധിപത്യം?' എന്ന പുസ്തത്തിന്റെ ഒന്നാം ഭാഗമാണിതു്. ഓരോ പുസ്തകത്തിന്റെയും രണ്ടു ഭാഗങ്ങളും ഒന്നിച്ചു സൂക്ഷിക്കേണ്ടതാകയാൽ, രണ്ടിന്റെയും ഒന്നാം ഭാഗങ്ങൾ വായിച്ചുശേഷം അവ ആൎക്കും വായ്പകൊടുത്തുകളയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിയ്ക്കണമെന്നു് ഓൎമ്മിപ്പിച്ചുകൊള്ളുന്നു. ചിത്രനിബിഡങ്ങളായ ഈ ഗ്രന്ഥങ്ങൾ വായിക്കാനും കാണാനും ആൎക്കും കൗതുകമുണ്ടാകും. നിങ്ങളുടെ സ്നേഹിതന്മാരിൽ ആൎക്കെങ്കിലു പുസ്തകം വേണമെന്നുണ്ടെങ്കിൽ, ഞങ്ങൾ നേരിട്ടു് അയച്ചുകൊടുക്കാം. ആവശ്യക്കാരുടെ മേൽവിലാസവും പുസ്തകങ്ങളുടെ വിലയും അയച്ചുതന്നാൽ, പോസ്റ്റേജ് ഞങ്ങൾ വഹിച്ചു് പുസ്തകങ്ങൾ അയക്കുന്നതാണു്. ഏതായാലും നിങ്ങളുടെ കോപ്പി ആൎക്കും വായ്പകൊടുക്കാതെ സൂക്ഷിച്ചുകൊള്ളണമെന്നു് ഒരിക്കൽക്കൂടി ഓൎപ്പിച്ചുകൊള്ളുന്നു.

ACKAL JEEVASS KENDRAM
LIBRARY

സെക്രട്ടറി



# 1 ജനാധിപത്യത്തിന്റെ മുഖം

‘ജനാധിപത്യ’മെന്നു സ്വയം വിളിക്കുന്ന രണ്ടു വിഭിന്ന സാമൂഹ്യസിദ്ധാന്തങ്ങൾ ആധുനികലോകത്തിൽ കാണപ്പെടുന്നതു് തികച്ചും വിചിത്രതരമായിരിക്കുന്നു. മനുഷ്യകുലത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ തങ്ങളുടെ സിദ്ധാന്തത്തിനു മാത്രമേ കഴിയൂ എന്നു വിശ്വസിക്കുന്ന നിരവധി അനുയായികൾ ഇരുകൂട്ടർക്കുമുണ്ടു്. വാഗ്ദാനങ്ങളുമായിട്ടാണു് ഓരോന്നും കടന്നുവരുന്നതു്. നല്ല നാളയെപ്പററിയുള്ള പ്രത്യാശ ഇവ രണ്ടും പ്രദാനം ചെയ്യുന്നു. ജീവിതത്തിൽ ദുരിതവും വിഷമതകളുമല്ലാതെ മററൊന്നുമില്ലാത്ത മനുഷ്യരുടെ ഭാവനകൾക്കു വർണ്ണപ്പൊലിമ നൽകുവാൻ ഇവ രണ്ടിനുമുണ്ടു് കഴിവു്.

ഈ സിദ്ധാന്തങ്ങളിലൊന്നിന്റെ ഉപജ്ഞാതാവായ കാൾ മാർക്സ് ഒരു നൂററാണ്ടു മുമ്പുതന്നെ പറഞ്ഞു, ലോകം രണ്ടു ശത്രുപാളയങ്ങളായി മാറിക്കൊണ്ടിരിക്കയാണെന്നു്. എന്നാൽ കാൾ മാർക്സ് വിഭാവനം ചെയ്തതുപോലെയല്ലെങ്കിലും, അദ്ദേഹത്തിന്റെ പ്രവചനം ഏതാണ്ടു ശരിയായിരിക്കുകയാണിപ്പോൾ. മാർക്സ് പ്രവചിച്ചതുപോലുള്ള ഒരു സംഘട്ടനത്തിൽ ഇന്നാരും വ്യാപൃതരായിട്ടില്ല. എന്നാൽ പണ്ടെങ്ങുമുണ്ടായിട്ടില്ലാത്തവിധം ഈ സിദ്ധാന്തങ്ങളിലൊന്നിലെ ‘ശരി’യും മറേറതിലെ ‘തെററും’ മനുഷ്യസമൂഹത്തിൽ വലിയ ഒരു വിടവു് സൃഷ്ടിച്ചിട്ടുണ്ടു്.

ഈ രണ്ടു ‘പാളയ’ങ്ങളിലും, ഇതിനിടയിലുമുള്ള വളരെയാളുകൾ ജനാധിപത്യത്തെപ്പററിയുള്ള പരമമായ സത്യം അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. പല പദങ്ങൾക്കും അർത്ഥവ്യത്യാസം വന്നുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ ഇതിനു് ലളിതമായ ഒരുത്തരം നൽകുക സാ

ധ്യമല്ല. ജനാധിപത്യമെന്താണെന്നോ, ജനാധിപത്യത്തിനെന്തു ചെയ്യുവാൻ കഴിയുമെന്നോ വസ്തുനിഷ്ഠമായിപറയുക വിഷമം.

ജനാധിപത്യം സൃഷ്ടിക്കുന്നതു ജനങ്ങളാണ്. അവരുടെ കൈവേലയാണതു്. ജനങ്ങളുടെ വകയാണ് ജനാധിപത്യം. അതിൻെറ സത്ത അവർ നൂററാണ്ടുകൾ കൊണ്ടാണ് രൂപപ്പെടുത്തിയെടുത്തിരിക്കുന്നതു്. പലപ്പോഴും ഗുരുതരങ്ങളായ അബദ്ധങ്ങൾ അവൎക്കു പിണഞ്ഞിട്ടുണ്ട്. മിക്കപ്പോഴും മഹത്തായ നേട്ടങ്ങളുമുണ്ടായിട്ടുണ്ട്. പല രാജ്യങ്ങളിലേയും പല യുഗങ്ങളിലേയും ജനാധിപത്യത്തെപ്പററി ബോധവാന്മാരാണവർ. ഗ്രാമവാസികൾ ഒന്നുചേൎന്ന് ഒരു പൊതുക്കാര്യത്തെപ്പററി തീരുമാനമെടുക്കാൻ ശ്രമിച്ചപ്പോഴെന്ന പോലെ ഒരു ആഗോളസംഘടന രൂപീകരിക്കാൻ ശ്രമിച്ചപ്പോഴും, അവർ ജനാധിപത്യത്തെപ്പററി ഗ്രഹിച്ചു. എന്നിട്ടും ജനാധിപത്യത്തിൻെറ കഥ ഇന്നും അപൂൎണ്ണമാണ്. അതിൻെറ വളൎച്ചയ്ക്കും തൻെറ കഴിവുകളുടെ സംഭാവന ചെയ്യുന്നതിനു് ഒരു വ്യക്തി അവശേഷിക്കുന്ന കാലംവരെ ജനാധിപത്യം അപൂൎണ്ണമായിരിക്കുകയും ചെയ്യും.

ജനാധിപത്യത്തിൻെറ അസ്സൽപ്രകൃതിയിയെന്തെന്നറിയണമെങ്കിൽ ലോകത്തിൻെറ വിവിധഭാഗങ്ങളിൽ അതെങ്ങനെ അറിയപ്പെടുന്നു എന്നു് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ജനങ്ങളിലും, ഏതേതു തത്വങ്ങളനുസരിച്ചു് അവർ ജീവിക്കുന്നോ ആ തത്വങ്ങളിലും, ജനാധിപത്യം അടങ്ങിയിട്ടുണ്ട്. എല്ലാ പൗരന്മാരുടേയും പ്രയത്നത്തിൻെറ ഫലമായിരിക്കുന്നതിനാൽ ഒരു ജനാധിപത്യ സ്ഥാപനവും പരിപൂൎണ്ണത പ്രാപിച്ചിട്ടില്ല. അതിൻെറ ആദൎശങ്ങളെല്ലാം യാഥാൎത്ഥ്യങ്ങൾ ആയിത്തീൎന്നിട്ടില്ല. പൗരന്മാർ മനുഷ്യജീവികളാണ്. വീഴ്ചകളും പോരായ്മകളും, പ്രത്യേക കഴിവുകളും വാസനകളുമുള്ള ആളുകൾ തന്നെയാണ് ഒരു ജനാധിപത്യക്രമത്തിലുള്ള പൗരന്മാർ.


എല്ലാത്തരം ആളുകളുടേയും വിചാരങ്ങളും പ്രവൃത്തികളും ഒരു ജനാധിപത്യസമ്പ്രദായം ഉൾക്കൊള്ളുന്നു. ചിലർ ഉപദ്രവകാരികളായിരിക്കും; എന്നാൽ മനുഷ്യസ്നേഹികളായിരിക്കും ചിലർ. ഒരു സമൂഹത്തെ സാൎത്ഥകവും സമ്പന്നവുമാക്കിത്തീൎക്കുന്നതെന്താണെന്നു് വളരെ സാവധാനത്തിൽ, വേദനയോടെ ആയിരിക്കും ജനങ്ങൾ മനസ്സിലാക്കുന്നതു്. അനുഭവത്തിൽനിന്നാണ് ചില തത്വങ്ങൾ ജന്മം കൊള്ളുന്നതുതന്നെ.

ചിലപ്പോൾ മനുഷ്യർ തത്വങ്ങളൊക്കെ കൈവെടിഞ്ഞു എന്നുവരാം. പക്ഷേ അടിസ്ഥാനപരമായ ആശയങ്ങൾ നിയമങ്ങൾകൊണ്ടും നേതാക്കന്മാരുടെ പഠനങ്ങൾകൊണ്ടും എ


വിടെയൊക്കെ പിന്താങ്ങപ്പെടുന്നോ, അവിടെയൊക്കെ മനുഷ്യർ അവരുടെ ക്ഷേമൈശ്വര്യങ്ങൾക്കു നിദാനമായ വിശ്വാസങ്ങളിലേയ്ക്കുതന്നെ മടങ്ങിപ്പോകുന്നു.

ജനാധിപത്യം ജനങ്ങൾക്കു് പ്രാധാന്യമുള്ളതും പ്രിയംകരവുമാക്കിത്തീർത്ത ആദർശങ്ങൾ പലതാണു്. എല്ലാ ആദർശങ്ങളും പ്രായോഗികമാക്കാമെന്നു് ഒരു രാഷ്ട്രവും അവകാശപ്പെടുന്നില്ലെങ്കിലും, ജനങ്ങൾക്കു് വിശ്വാസമർപ്പിക്കാവുന്ന ചില ആദർശങ്ങളുണ്ടു് ജനാധിപത്യസമ്പ്രദായത്തിൽ. തികച്ചും ജനാധിപത്യപരമായ ഒരു രാജ്യത്തെ പൗരജീവിതത്തിന്റെ സ്വഭാവം കാണിക്കുന്ന ചില ചിത്രങ്ങൾ നോക്കുക:

അവരിൽ ബുദ്ധിമാന്മാരുണ്ടു്...



...പടുവിഡ്ഢികളുണ്ടു്





ദയാലുക്കളുണ്ട്...


ദുർവൃത്തരുണ്ട്...





വിശ്വസിക്കാൻ
കൊള്ളാവുന്നവരുണ്ട്...


നിരുത്തരവാദികളുണ്ട്...





ദൈവവിശ്വാസികളുണ്ട്...

നിരീശ്വരവാദികളുണ്ട്...




ഒരു ജനാധിപത്യരാഷ്ട്രത്തിൽ കുടുംബബന്ധത്തിന് ഒരു വക ശൈഥില്യവും സംഭവിക്കുന്നില്ല.







അവിശ്വാസവും ഉൽക്കണ്ഠയും കൂടാതെ അയൽവാസികളുമായി സൗഹാർദ്ദത്തിൽ കഴിയാം..



മറുനാട്ടുകാരോട്ട് സൗഹാർദ്ദ
ത്തിൽ പെരുമാറാം; അനുക
മ്പ കാണിക്കാം...



ഓരോരുത്തൻെറ സ്വന്തം വി
ശ്വാസവും പാരമ്പര്യവുമനുസ
രിച്ച് ദൈവാരാധന നടത്താം..



നിരോധനവും നിയന്ത്രണവുമൊന്നും കൂടാതെ, പുരാതനവിജ്ഞാനഗ്രന്ഥങ്ങൾ പഠിക്കാം; ആധുനികവിജ്ഞാനം ആർജ്ജിക്കാം...

അയൽവാസിയുടെ അഭിപ്രായത്തെ എതിർക്കാം; ഗവർമ്മെണ്ടിനെ വിമർശിക്കാം...





തികഞ്ഞ സ്വാതന്ത്ര്യത്തോടുകൂടി
വോട്ടവകാശം പ്രയോഗിക്കാം...



സകല മനുഷ്യരുടേയും ജീവിത
നിലവാരവും ജീവിതമഹത്വവും
ഉയർത്താനുള്ള പരിപാടികളിൽ
നിർബ്ബാധം സഹായിക്കാം......



അകത്തുനിന്നോ പുറത്തുനി
ന്നോ ഉള്ള കയ്യേററങ്ങളേയും
ആക്രമണങ്ങളേയും തടുക്കാം.


ഉല്ലാസത്തിനും വിശ്രമത്തി
നും സമയമുണ്ടാക്കാം......





മററു രാജ്യങ്ങളുടെ പ്രതിനിധിക
ളുമായി സഹകരിച്ച് സമാധാ
നമുണ്ടാക്കാമെന്ന് ആശിക്കാം..

പരിവർത്തനങ്ങൾ വരുത്തു
വാൻ മനുഷ്യനുള്ള അവകാ
ശത്തിൽ വിശ്വസിക്കാം..




ഇങ്ങനെ ഒരു ജനാധിപത്യരാഷ്ട്രത്തിൽ മനുഷ്യൎക്ക് വിശ്വസിക്കുകയും അനുവൎത്തിക്കുകയും ചെയ്യാവുന്ന പല തത്വങ്ങളും കാൎയ്യങ്ങളുമുണ്ടു്. മററു പല കടുത്ത തത്വശാസ്ത്രങ്ങൾക്കുമെന്നതുപോലെ ജനാധിപത്യത്തിനു് കടുത്ത പ്രമാണങ്ങളോ ചട്ടങ്ങളോ ഇല്ല. പലരും ജനാധിപത്യത്തെ നിൎവ്വചിച്ചിട്ടുണ്ടു്; എത്രപേർ ശ്രമിച്ചിട്ടുണ്ടോ അത്രയും നിൎവ്വചനങ്ങളുമതിനുണ്ടായിട്ടുണ്ടു്. അതിന്റെ കഴിവുകളെ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു് ആരെങ്കിലും ഒരു ഫോർമുലാ വിരചിക്കാൻ ശ്രമിച്ചാലും അയാൾ അതിൽ വിജയിച്ചാൽത്തന്നെയും പിന്നെയും അതിനു് പോരായ്മകളും അപവാദങ്ങളും ചൂണ്ടിക്കാണിക്കുവാൻ വേറെ ആളുകളുണ്ടാവാതിരിക്കുകയില്ല.

ജനാധിപത്യസ്ഥാപനങ്ങൾ,—അവ ഡെമോക്രസിയിൽ വളരെ പ്രാധാന്യമൎഹിക്കുന്നു. സ്വതന്ത്രമായ തിരഞ്ഞെടുപ്പിനുശേഷം രൂപീകരിക്കപ്പെടുന്ന ഗവൎമ്മെൻറുതന്നെ മററു സമൂഹസ്ഥാപനങ്ങളിൽനിന്നു് വ്യക്തമായും വേറിട്ടുനില്ക്കുന്നു.

ക്രിസ്തുവിൻെറ ജനനത്തിനു വളരെ നൂററാണ്ടുകൾക്കു മുമ്പുമുതലേ റോമാക്കാർ അപൂൎണ്ണവും, പരിമിതവുമായ ജനാധിപത്യസ്ഥാപനങ്ങൾകൊണ്ടു് പരീക്ഷണങ്ങൾ നടത്തിയിരുന്നു. റോമൻ റിപ്പബ്ലിക്കിൻെറ പതനത്തിനുശേഷം നൂററാണ്ടുകൾതന്നെ വേണ്ടിവന്നു, ജനാധിപത്യസമ്പ്രദായങ്ങളും ആശയങ്ങളും വീണ്ടും വളൎന്നു വികസിക്കുന്നതിനു്. ഇക്കാലമത്രയും ജനാധിപത്യത്തിൻെറ വളൎച്ച് നിഗ്ഗുണ്ണം... 

യുദ്ധങ്ങളും മഹാമാരികളുമുണ്ടായി. മദ്ധ്യയുഗങ്ങളിലെ ഇരുണ്ട വത്സരങ്ങൾ അവർ പിന്നിട്ടു; ആശയവിനിമയമാൎഗ്ഗങ്ങളില്ലായിരുന്നു; മനുഷ്യൻ ഏതു ആദൎശത്തിൻെറ ദീപശിഖയേ പിന്തുടൎന്നോ, അതു് അവൻെറ ഹൃദയത്തിലും മനസ്സിലും ഇരുന്നു ജ്വലിക്കുക മാത്രമേ ചെയ്തുള്ളു; അതു പകൎത്താനോ, ഭേദപ്പെടുത്താനോ മാൎഗ്ഗങ്ങളില്ലായിരുന്നു.

എങ്കിലും ഈ നൂററാണ്ടുകളിലത്രയും മനുഷ്യനു മനുഷ്യനോടുള്ള മനോഭാവത്തിനു യാതൊരു മാററവുമുണ്ടായില്ല. ഈ മനോഭാവമായിരുന്നു ജനാധിപത്യാദൎശങ്ങളുടെ അളവുകോൽ. എബ്രാഹം ലിങ്കൻെറ വാക്കുകളിൽ പറഞ്ഞാൽ ജനാധിപത്യത്തിൻെറ മുഖം ഇതാണു്: "ഒരു അടിമയാകാൻ എനിക്കിഷ്ടമില്ലാത്തതുപോലെതന്നെ, ഒരു ഉടമയാകുവാനും ഞാൻ ആഗ്രഹിക്കുന്നില്ല." ഇതിൽനിന്നു് ഭിന്നമായതു് ഒരു ജനാധിപത്യമേ ആകുന്നില്ല.





## 2 ജനാധിപത്യത്തിൻെറ വേരുകൾ

നൂററാണ്ടുകളായി ജനാധിപത്യം എന്തിനുവേണ്ടി നിലകൊള്ളുന്നോ അതിനെ നിഷേധിക്കുന്ന ഒരു സാമൂഹ്യരീതി—കമ്മ്യൂണിസം—ഇന്നു് ജനാധിപത്യത്തിനു് ഒരു ഭീഷണിയായിത്തീന്നിരിക്കുകയാണു്. 'ജനാധിപത്യം' എന്ന പദം കമ്മ്യൂണിസം സ്വന്തം കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. "ജനകീയജനാധിപത്യ റിപ്പബ്ലിക്കു്" എന്നു് കമ്മ്യൂണിസ്റ്റു് ഗവമ്മെൻറുകൾ വിളിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റു് അനുയായികൾ, "ജനാധിപത്യത്തിന്റെ ശക്തിക"ളായി ചിത്രീകരിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റു് സൈന്യങ്ങളുടെ പേരു് "വിമോചനസേന"കളെന്നാണു്. ജനാധിപത്യത്തിൻെറ ഫലങ്ങളായ "മനുഷ്യാവകാശങ്ങ"ളാണു് അവരും "പരിരക്ഷിക്കു"ന്നതു്.

ഇത്തരം വാക്കുകൾ കേട്ടു് വിസ്മയിച്ചുപോകുന്ന ആളുകളുണ്ടു്. ജനാധിപത്യത്തിലൂടെ നാം അന്വേഷിക്കുന്ന ലക്ഷ്യങ്ങളിൽനിന്നു് വളരെ അകന്നവയാണു് കമ്മ്യൂണിസത്തിൻെറ വാഗ്ദാനങ്ങളെന്നു് അവരിൽ പലക്കുമറിയാം. ജനാധിപത്യത്തിൻെറ കുറെ വാക്കുകൾ മാത്രമേയുള്ളു, അത്ഥങ്ങളൊന്നുമവയ്ക്കില്ല എന്നു് അവർ ഒന്നിനൊന്നു ബോദ്ധ്യപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. എല്ലാററിനുമുപരി അവർ സമാധാനമഭിലഷിക്കുന്നുണ്ടു്; സ്വേച്ഛപോലെ ജീവിക്കുന്നതിനും പ്രവത്തിക്കുന്നതിനും അവക്കാഗ്രഹമുണ്ടു്; എന്നാൽ അവരന്വേഷിക്കുന്ന സമാധാനം ഒരു മരീചികയാണു്; മാത്രമല്ലാ, കമ്മ്യൂണിസത്തിനു മാത്രം അവകാശപ്പെടാൻ കഴിയുന്ന ഒരു വസ്തുവായി അതു് തീന്നിരിക്കുകയുമാണു്. നിവ്വചിക്കാൻ പാടില്ലാത്തവിധം

ഇരുപതു നൂററാണ്ടുകൾക്കു മുമ്പ്
നസ്രായനായ യേശു "അന്യോന്യം
സ്നേഹിക്കുക" എന്ന വിശുദ്ധമായ
തത്വവുമായി കടന്നുവന്നു.





എല്ലാ സാന്മാർഗ്ഗികവിശ്വാസ
ങ്ങളുടേയും അടിത്തറയായ
"പത്തു പ്രമാണങ്ങൾ" ദൈവം
മൂശ മുഖേന കല്പിച്ചുനല്കി.

യുദ്ധമുപേക്ഷിച്ച്, അനുകമ്പയിലും
മനുഷ്യസ്നേഹത്തിലും അടിയുറച്ച
ഒരു മതം സ്ഥാപിച്ച ഒരിന്ത്യൻരാ
ജകുമാരനാണ് ഗൗതമബുദ്ധൻ.





ജീവിതവ്യാപാരങ്ങൾക്കുള്ള മഹത്തായ
നിയമസംഹിതകൾ പ്രദാനംചെയ്ത
ചീനമഹർഷിയാണ് കൺഫ്യൂഷിയസ്.



റോമൻ നീതിന്യായസംഹിതകളെ അഴിച്ചുപണിതു പരിഷ്കരിച്ച റോമൻചക്രവർത്തിയാണു് ജസ്റ്റീനിയൻ. ഇദ്ദേഹം 6-ാം നൂററാണ്ടിലാണു് ജീവിച്ചിരുന്നതു്.

## തത്വചിന്തകരും ഭരണകർത്താക്കളും

നൂററാണ്ടുകൾക്കു മുമ്പു് രണ്ടു ഗ്രീക്കുകാരും ഒരു റോമാക്കാരനും കുറിച്ചിട്ട നിയമസംഹിതകളുടെ അടിസ്ഥാനത്തിലാണു് ലക്ഷക്കണക്കിനാളുകൾ ഇന്നു ഭരിക്കപ്പെടുന്നതു്. "ഡീമോസ്", "ക്രേററിയൻ" എന്നീ ഗ്രീക്കുപദങ്ങളിൽ നിന്നാണു് ഡെമോക്രസി രൂപമെടുത്തതു തന്നെ. ഡീമോസ്സ് എന്നു പറഞ്ഞാൽ ജനം; ക്രേററിയൻ എന്നുവച്ചാൽ ഭരിക്കുക. ആ ഭരണത്തിൽ ആദ്യം പലേ പോരായ്മകളുണ്ടായിരുന്നു. നിയമപരിഷ്കാരം വേണമെന്നു കണ്ടപ്പോഴാണു് പണക്കാരനേയും പാവപ്പെട്ടവനേയും തുല്യമായി ഗണിച്ചുകൊണ്ടുള്ള സോളന്റെ നിയമങ്ങളുണ്ടായതു്. വ്യക്തിപ്രാധാന്യത്തിന്റെ പേരിൽ പണം കടം വാങ്ങി വന്ന ഏർപ്പാടു് അദ്ദേഹം നിരോധിച്ചു. കടം കേറിമുടിഞ്ഞവരെ അടിമകളാക്കുന്ന രീതിക്കും അദ്ദേഹം അറുതി വരുത്തി. അദ്ദേഹമാണു് ഹെലിയാ എന്ന പേരിലറിയപ്പെടുന്ന നീതിന്യായക്കോടതികളാരംഭിച്ചതു്. ജൂറി, എല്ലാവരിൽനിന്നും തിരിഞ്ഞെടുക്കപ്പെടുന്നവരുടെ സമൂഹമായിരുന്നു. "നിയമദാതാവു്" എന്നാണു് സോളന്റെ അപരനാമം. പൊതുജനപ്രതിനിധിസഭയിൽ (എക്ലീഷി

യാ) എല്ലാ പൗരന്മാർക്കും അദ്ദേഹം സ്ഥാനം നല്കിയിരുന്നു.

ജനാഭിലാഷമെന്തെന്ന് മനസ്സിലാക്കിയ മററൊരു അഥീനിയൻ ഭരണാധികാരി പെരിക്ലിസായിരുന്നു. ആഥൻസിലെ ജനാധിപത്യം അതിൻെറ സുവർണ്ണദശ പ്രാപിച്ചതു് പെരിക്ലിസിന്റെ കാലത്താണ്. എല്ലാ മനുഷ്യരും പൗരാവകാശത്തിൽ തുല്യരാണെന്ന ബോധമുണ്ടായിരുന്ന അദ്ദേഹമാണ് ആഥൻസിനെ യഥാർത്ഥത്തിൽ സ്വയംഭരണരീതിയിലുയർത്തിയതു്.

പാവപ്പെട്ടവർ ജഡ്ജിമാരാകാമെന്ന നിയമമുണ്ടാക്കിയതും, 18 വയസു കഴിഞ്ഞ പൗരന്മാരെല്ലാവരും പൊതുജനപ്രതിനിധിസഭയിലെ ചർച്ചകളിൽ പങ്കെടുക്കണമെന്ന നിർദ്ദേശിച്ചതും മററാരുമായിരുന്നില്ല. അഥീനിയൻ ഡെമോക്രസിയെ അദ്ദേഹം ഇങ്ങനെ ചിത്രീകരിച്ചു: "ആഥെൻസിലെ ഭരണം ന്യൂനപക്ഷത്തിൻെറ കയ്യിലല്ല, ഭൂരിപക്ഷത്തിൻെറ കയ്യിലാണ് സ്ഥിതിചെയ്യുന്നതു്"

ഇന്നത്തെ നിയമസംവിധാനത്തിനു് പൊതുവെ ആധാരമായിരിക്കുന്നതു് പ്ലാവീലൂസ് ആൻസിയൂസ് ജസ്റ്റീനിയൻ എന്ന റോമൻചക്രവർത്തിയുടെ കോഡാണ്. എ. ഡി. 527 ലാണ് അദ്ദേഹം ചക്രവർത്തിയായതു്. ഊണുമുറക്കവുമുപേക്ഷിച്ചു എത്രനേരം വേണമെങ്കിലുമിരുന്ന് പണിയെടുക്കാൻ കഴിവുള്ള ജസ്റ്റീനിയൻ ചക്രവർത്തിയുടെ ഏററവും വലിയ സേവനം അന്നത്തെ റോമൻ നിയമസംഹിതയെ പുനഃസംവിധാനം ചെയ്തതായിരുന്നു. പരസ്പരവിരുദ്ധങ്ങളും ആവർത്തനബഹുലങ്ങളുമായ റോമൻ നിയമങ്ങൾ വ്യാഖ്യാനിക്കുകതന്നെ വിഷമമായിരുന്നു.

ഈ നിയമങ്ങൾ പരിഷ്കരിച്ച് സംവിധാനം ചെയ്യുന്നതിന് ഒരു സംഘം നിയമജ്ഞന്മാർ ഏഴു വർഷം രാപകൽ ഭേദംകൂടാതെ ശ്രമിച്ചു. വൈരുദ്ധ്യങ്ങൾ മാററുകയും ആവർത്തനങ്ങൾ ഉപേക്ഷിക്കുകയും പ്രായോഗികമായ ഒരു നിയമക്രമം ആവിഷ്കരിക്കുകയുംചെയ്തു, ഈ നിയമജ്ഞസംഘം. മനുഷ്യാവകാശങ്ങളേയും നീതിയേയും സംബന്ധിച്ച പോയ നൂററാണ്ടുകളിലെ മനുഷ്യർക്കുണ്ടായിരുന്ന ബോധവും അറിവും സംഗ്രഹിച്ച്




റോമൻ നീതിന്യായാസനം — നീതിയേയും പൗരാവകാശങ്ങളേയും കുറിച്ച് റോമാക്കാർക്കുണ്ടായിരുന്ന നിഷ്ഠയുടെ പ്രതിരൂപമാണ് ഈ ന്യായാസനം.

രൂപപ്പെടുത്തിയ ഈ നിയമസംഹിത വ്യക്തവും ശുദ്ധവും സുഗ്രഹവുമായ ഒരു നീതിശാസ്ത്രപ്രമാണംതന്നെയായിരുന്നു.

ഭരണാധികാരികളുടെ 'നിയവിചാര'ത്തെ താത്വികന്മാരും സഹായിച്ചിട്ടുണ്ട്. സക്കാരിനെ വിമശിക്കുന്നതിന് ജനങ്ങൾക്കുള്ള അവകാശത്തെ പ്ലേറോയും സോക്രട്ടീസും പ്രത്യേകം പരിരക്ഷിച്ചിരുന്നു. ഭൂരിപക്ഷത്തിൻെറ അഭിപ്രായത്തിലാണ് ഗവമ്മെൻറുകൾ ഉറച്ചിരിക്കേണ്ടതെന്ന് അരിസ്റ്റോട്ടൽ വിശ്വസിച്ചു. ഇന്നത്തെ അളവുകോൽ വച്ചുനോക്കിയാൽ അഥീനിയൻ ഡെമോക്രസി അപൂണ്ണവും താല്ക്കാലികവുമായിരുന്നു. ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന അടിമകൾക്കും വിദേശികൾക്കും പൗരത്വം നിഷേധിക്കപ്പെട്ടിരുന്നു. പക്ഷെ അതു് ഡെമോക്രസിയുടെ പ്രാരംഭദശയായിരുന്നു എന്നു നാം മറക്കരുതു്.

റോമൻസേനകൾ ഗ്രീസിനെ ആക്രമിച്ചു കീഴ്പ്പെടുത്തിയെങ്കിലും അവിടെ വളന്നു വികസിച്ച ജനാധിപത്യചിന്തകൾക്കു് ഒരു നാശവും സംഭവിച്ചില്ല. അവ റോമാക്കാരെ മാത്രമല്ല, പുതിയ ക്രൈസ്തവമതത്തേയും സ്വാധീനപ്പെടുത്തി. "റിപ്പബ്ലിക്കി"ൽ സിസറോ പറയുന്നു: "എല്ലാക്കാലത്തുമുള്ള, എല്ലാ ജനങ്ങളേയും സംബന്ധിക്കുന്ന അനശ്വരവും മാററമില്ലാത്തതുമായ ഒരു നിയമമേയുള്ളു. ഒരു പൊതു ഉടമയും, ഒരു പൊതു ഭരണാധിപനും മാത്രമേ ഉള്ളു; ആ ഭരണാധികാരിയാണ് ദൈവം. ഈ നിയമത്തിൻെറ നിമ്മാതാവു് അവിടുന്നാണ്. അതിൻെറ വ്യാഖ്യാതാവും ഉപജ്ഞാതാവും അവിടുന്നല്ലാതെ മററാരുമല്ല. ജനങ്ങൾക്കു പരമാധികാരമില്ലാത്ത ഒരു രാജ്യവും സ്വാതന്ത്ര്യത്തിൻെറ വാസഭൂമി ആവുകയില്ല."



അഥീനിയൻ തത്വചിന്തകനായ സോക്രട്ടീസിനെ വിഷംകൊടുത്തു കൊല്ലുന്ന രംഗം. ബഹുജനസമ്മതിയില്ലാത്ത അഭിപ്രായങ്ങൾ അഥീനയൻജനാധിപത്യത്തിൻെറ സുവണ്ണകാലത്തുപോലും സമാദരണീയങ്ങളായിരുന്നില്ല.

# മദ്ധ്യയുഗങ്ങൾ


മദ്ധ്യയുഗങ്ങളെ 'അന്ധകാരയുഗങ്ങൾ' എന്നാണ് സാധാരണ ഗണിക്കാറ്. എന്നാൽ ചരിത്രത്തിലെ ഏററവും വലിയ ഒരു പ്രമാണരേഖ പുറത്തുവന്നതു് ഈ അന്ധകാരകാലഘട്ടത്തിന്റെ അവസാനത്തിലാണ്. 1215 ജൂൺ 15-ാംനു- ഇംഗ്ലണ്ടിലെ ധീരന്മാരായ കുറെ പ്രഭുക്കന്മാർ തങ്ങളുടെ രാജാവിൽനിന്നു് നീതിയാവശ്യപ്പെട്ട കഥയാണതു്. ജോൺ രാജാവിൻെറ ദുർഭരണത്തിനെതിരായി ശബ്ദമുയർത്തുന്നതിനു് അവർ സായുധരായി സമ്മേളിച്ചു; അവർ രാജാവിൻെറ മുമ്പിൽ ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. ഒന്നുകിൽ രാജാവു് അതിനു തുല്യം ചാർത്തണം; അല്ലെങ്കിൽ അവർ നീതിക്കുവേണ്ടി പൊരുതും.

"മാഗ്നാ കാർട്ടാ" എന്നറിയപ്പെടുന്ന ചരിത്രപ്രസിദ്ധമായ ആ സ്വാതന്ത്ര്യപ്പട്ടയത്തിൽ ജോൺ രാജാവു് മനസ്സില്ലാമനസ്സോടെ ഒപ്പുവെച്ചു. രണ്ടു മഹത്തായ തത്വങ്ങളാണ് ഈ പട്ടയത്തിൽ പ്രധാനമായും അടങ്ങിയിരുന്നതു്: "ഒന്നു് രാജാവിൻെറ അധികാരം പരിമിതമാണ്. രണ്ടു്, രാജാവിൻെറ പരമാധികാരത്തേക്കാൾ പ്രാധാന്യമർഹിക്കുന്നതു് മനുഷ്യാവകാശങ്ങളാണ്." വിധിന്യായം കൂടാതെയോ, അനീതിപരമായോ യാതൊരു മനുഷ്യനേയും തടവിലാക്കുകയോ നാടുകടത്തുകയോ രാജ്യദ്രോഹിയായി മുദ്രയടിക്കുകയോ മററേതെങ്കിലും തരത്തിൽ നിഹനിക്കുകയോ ചെയ്തുകൂടായെന്നും യാതൊരാൾക്കും നീതിന്യായം നിഷേധിക്കുവാനോ വച്ചുതാമസിപ്പിക്കാനോ വിലയ്ക്കു വില്ക്കുവാനോ പാടില്ലെന്നും അനുശാസിക്കുന്നതായിരുന്നു ഭുവനപ്രസിദ്ധമായ ആ സ്വാതന്ത്ര്യപ്പട്ടയം.

കുററങ്ങൾക്ക് കുററപ്പുള്ളിയുടെ കഴിവിൽക്കവിഞ്ഞ പിഴയിട്ടുകൂടെന്നും, വ്യാപാരികൾക്ക് രാജ്യത്തെവിടെയും ഇഷ്ടംപോലെ സഞ്ചരിക്കാമെന്നും നഷ്ടപരിഹാരം കൂടാതെ യാതൊരു കൃഷിക്കാരൻെറ വിളവും പിടിച്ചെടുത്തുകൂടെന്നും മാഗ്നാ കാർട്ടാ അനുശാസിക്കുന്നു. അന്ധകാരാവൃതമായ ലോകത്തിലേയ്ക്കു വന്ന ഏകപ്രകാശരേഖയായിരുന്നില്ല ഈ സ്വാതന്ത്ര്യപ്പട്ടയം. ആറാംനൂററാണ്ടിൽ ഏററവും നീതിയുക്തമായ നിയമം ദൈവനിയമമാണെന്നു് വി. അഗസ്തീനോസ് പറഞ്ഞു. ജനങ്ങളുടെ അഭിലാഷമനുസരിച്ചേ നിയമം നിർമ്മിക്കാവൂ എന്നു് സെൻറ് തോമസ് അക്വീനാസ് പ്രഖ്യാപിച്ചു. ദൈവത്തിൻെറ നീതിയുക്തമായ നിയമത്തെ ധിക്കരിക്കുന്ന രാജാക്കന്മാരെ അഭിശപിക്കുവാൻ സെൻറ് അംബ്രോസ് പുരോഹിതന്മാരോടാവശ്യപ്പെട്ടു.

രാഷ്ട്രീയാധികാരങ്ങളെല്ലാം നീതിയുടെ പ്രതിഫലനമാണെന്ന തത്വം മദ്ധ്യയുഗങ്ങളിലെ ഒരു മൗലികപ്രമാണമായിരുന്നുവെന്നു് കാർലൈൽ പറഞ്ഞു.

വ്യക്തിസ്വാതന്ത്ര്യത്തിൻെറ ഒരു അപ്പസ്തോലനായിരുന്നു ജോൺ ഓഫ് സാലിസ്ബറി എന്ന ആംഗലതത്വചിന്തകൻ. ഓരോ ഭരണാധികാരിക്കും ഭരണീയരോടു് ചില ഉത്തരവാദിത്വങ്ങളുണ്ടെന്നു് അദ്ദേഹം സ്ഥാപിച്ചു. അനീതി



രാജാധികാരം പരിമിതപ്പെടുത്തുന്നതിനു നടന്ന ആദ്യത്തെ ശ്രമം— ഇംഗ്ലണ്ടിലെ ജോൺരാജാവിനേക്കൊണ്ടു് പ്രഭുക്കന്മാർ 'മാഗ്നാ കാർട്ട'യിൽ ഒപ്പുവയ്പിക്കുന്നു.

യ്ക്കെതിരായി വിപ്ലവമാരംഭിക്കാൻ മനുഷ്യർക്കവകാശമുണ്ടെന്നു് ഫ്രഞ്ച് - അമേരിക്കൻ വിപ്ലവങ്ങൾക്കു് വളരെ മുമ്പു തന്നെ അദ്ദേഹം പ്രഖ്യാപിച്ചു. ഒരു ഭരണാധിപൻ ഈശ്വരനുമായുള്ള ഉടമ്പടി എപ്പോൾ ലംഘിക്കുന്നോ അപ്പോൾ മുതൽ ഭരണാധികാരി ജനങ്ങളുടെ അനുസരണം അർഹിക്കുന്നില്ല. നിയമം ദൈവത്തിൻെറ ദാനമാകുന്നു; സമതയുടെ പ്രതീകമാകുന്നു. നീതിയുടെ മാനദണ്ഡവും ക്ഷേമത്തിൻെറ കാവൽക്കാരനും ദൈവേച്ഛയുടെ പ്രതിരൂപവുമാകുന്നു എന്നും അദ്ദേഹം എഴുതി.

13-ാം നൂററാണ്ടോടു കൂടി ഫ്രഞ്ചുകാർക്കും, ഇററലിക്കാർക്കും, സ്പെയിൻകാർക്കും, ജർമ്മൻകാർക്കും തങ്ങളുടെ രാജ്യങ്ങളുടെ ഭാഗധേയം നിശ്ചയിക്കുന്നതിൽ പങ്കു കൊള്ളുന്നതിനു അവകാശമുണ്ടായി.

ചിന്താശീലന്മാർക്കു് പുതിയ ചക്രവാളങ്ങൾ തുറന്നുകൊടുക്കുന്നതായിരുന്നു മാഗ്നാകാർട്ടാ. ദുർഭരണത്തെ എതിർക്കുന്നതിനു് മനുഷ്യർക്കവകാശമുണ്ടെന്നു് തോമസ് അക്വീനാസ് പ്രഖ്യാപിച്ചു. "സ്വധർമ്മത്തിൽനിന്നും വ്യതിചലിക്കുന്ന ഒരു രാജാവു് പ്രജകളുടെ അനുസരണമെന്ന അവകാശം കളഞ്ഞു കുളിക്കുന്നു. പൊതുജനാഭിപ്രായത്തിൽനിന്നാണു് ഏതു രാഷ്ട്രീയാധികാരവും രൂപംപ്രാപിക്കുന്നതു്. ജനങ്ങൾ, അല്ലെങ്കിൽ അവരുടെ പ്രതിനിധികളാണു് നിയമങ്ങൾ നിർമ്മി



ദുർഭരണത്തെ ചെറുക്കാൻ ജനങ്ങൾക്ക് അവ കാശമുണ്ടെന്നു പ്രഖ്യാപിച്ച നിയാപ്പോളിററൻ സന്യാസി—സെൻറ്തോമസ് അക്വീനാസ്.

ക്കേണ്ടതു്."

ഈ ആശയം തന്നെയാണ് 14-ാം നൂററാണ്ടുകാരനായ പാദുവായിലെ മർസീലിയൂസും പ്രകടിപ്പിക്കുന്നതു്. നിയമനിർമ്മാണാവകാശമുള്ളതു് മനുഷ്യർക്കാണ്. രാജാക്കന്മാരും മാർപ്പാപ്പാമാരും മനുഷ്യരുടെ ഏജൻറന്മാർ മാത്രമാകുന്നു.


പോർച്ചുഗലിലെ അൽഫോൻസോ മൂന്നാമന്റെയും ബൊഹീമിയായിലെ ജോൺ ഹസ്സിൻേറയും ചിന്തകളും ലേഖനങ്ങളും ഈ ആശയങ്ങളുടെ വ്യാഖ്യാനങ്ങളായിരുന്നു. റോബർട്ട് ബ്രൂസിൻെറ നേതൃത്വത്തിൽ സ്കോട്ട്ലണ്ടുകാർ ഇംഗ്ലീഷുകാർക്കെതിരായി യുദ്ധമാരംഭിക്കുന്നതിനുള്ള കാരണം മറെറാന്നുമായിരുന്നില്ല. "ഞങ്ങൾ നൂറുപേർ ജീവനോടെയിരിക്കുന്നെങ്കിൽ സ്കോട്ട്ലണ്ട് ഒരു അടിമരാജ്യമായിരിക്കുവാൻ ഞങ്ങൾ സമ്മതിക്കുകയില്ല. പണമോ പ്രതാപമോ ബഹുമതിയോ അല്ല ഞങ്ങൾക്കാവശ്യം. ഞങ്ങൾക്കു വേണ്ടതു് സ്വാതന്ത്ര്യമാണ്. ജീവൻ ബലിയർപ്പിച്ചല്ലാതെ ആ വിലപ്പെട്ട സ്വാതന്ത്ര്യം ഞങ്ങളുപേക്ഷിക്കുകയില്ല" എന്നു് റോബട്ട് ബ്രൂസ് പ്രഖ്യാപിച്ചു.

"ദൈവം മനുഷ്യർക്ക് പ്രദാനം ചെയ്തിരിക്കുന്ന ഏററവും പ്രിയപ്പെട്ട ദാനങ്ങളിലൊന്നാണ് സ്വാതന്ത്ര്യം; അതില്ലെങ്കിൽ ജീവിതം ജീവിതമല്ല" എന്നു് സ്പെയിനിലെ മിഗുവൽ കെർവാന്തെസ് എഴുതി.

## പഴമയുടെ ഫലങ്ങൾ

പ്രാചീനകാലത്തു് വിതയ്ക്കപ്പെട്ട ജനാധിപത്യത്തിൻെറ വിത്തുകൾ മുളച്ചു് 17-ാം നൂററാണ്ടോടുകൂടി ഇംഗ്ലണ്ടിൽ ഫലം പുറപ്പെടുവിക്കുവാൻ തുടങ്ങി. ഇംഗ്ലണ്ടിലെ 'ഹേബിയസ് കോപ്പ്സ് ആക്ട്" കുററപ്പുള്ളിയെ ഒരു കോടതിയുടെയോ ജഡ്ജിയുടെയോ മുമ്പാകെ ഹാജരാക്കണമെന്നു് വ്യവസ്ഥ ചെയ്തതിനോടുകൂടി അനീതിപരമായി ജനങ്ങളെ പിടിച്ചു് തടവിലാക്കുന്ന സമ്പ്രദായമവസാനിച്ചു. പത്തു കൊല്ലം കഴിഞ്ഞു് 'ബിൽ ഓഫ് റൈററ്സ്" പാസ്സാക്കപ്പെട്ടു. മനുഷ്യൻെറ വ്യക്തിസ്വാതന്ത്ര്യങ്ങൾക്കു് പരിരക്ഷ നല്കുന്ന നിയമമാണതു്.

പിന്നെയും സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയുള്ള അന്വേഷണം തുടർന്നുകൊണ്ടിരുന്നു. നാമെല്ലാവരും ഇന്നു് ആസ്വദിക്കുന്ന ഒരു അവകാശമാണു് 'അഭിപ്രായസ്വാതന്ത്ര്യം.' ശതക്കണക്കിനുള്ള പത്രമാസികകളിൽ പലതും ഇന്നു് ഗവമ്മെൻറിനെ ശക്തിയായി വിമശിക്കുന്നതായിരിക്കാം. റേഡിയോവഴിയും ഗ്രന്ഥങ്ങൾ വഴിയും അഭിപ്രായവ്യത്യാ



പത്രപ്രവത്തനസ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ അന്ധനായ ആംഗലകവി— ജോൺ മിൽട്ടൻ. അദ്ദേഹം പറഞ്ഞുകൊടുക്കുന്നതൊക്കെയും പുത്രി എഴുതിയെടുക്കുന്നു.

ഭൂമി സൂര്യനെ ചുററുന്നുവെന്നു കണ്ടുപിടിച്ച ഫ്ളോറൻസിലെ അതിപ്രശസ്തനായ ജ്യോതിശ്ശാസ്ത്രജ്ഞൻ-ഗലീലിയോ ഗലീലി





ജോൺ പീററർ സെൻഗർ എന്ന ഒരു പത്രാധിപരുടെ പേരിൽ ഗവൺമെണ്ടു കൊണ്ടുവന്ന കേസിൻെറ വിചാരണ നടക്കുകയാണു്. ആൻഡ്രൂ ഹാമിൽട്ടനാണു് പ്രതിക്കുവേണ്ടി കേസു വാദിക്കുന്നതു്. ഈ കേസിൽ ആ പത്രാധിപർക്കുണ്ടായ വിജയം അമേരിക്കയിൽ പത്രസ്വാതന്ത്ര്യത്തിനു ലഭിച്ച വിജയമായിരുന്നു.

സമുള്ള വിഷയങ്ങൾ ചർച്ച് ചെയ്യപ്പെടുന്നു. വഴിക്കവലകളിൽ നിന്നുകൊണ്ടു് നാം അനുദിനകാര്യങ്ങൾ ചർച്ച്ചെയ്യുന്നു. എന്നാൽ ഈ അവകാശം ഒരു ദിവസം നേരം വെളുത്തപ്പോൾ നമുക്കു കിട്ടിയതല്ല; ഒരു നൂററാണ്ടുകൊണ്ടു കിട്ടിയതുമല്ല.

ഭൂമി സൂര്യനെച്ചുററിക്കൊണ്ടിരിക്കുന്നുവെന്നു് ഗലീലിയോ സ്ഥാപിച്ചതു്, നിരവധി എതിർപ്പുകളെ അവഗണിച്ചുകൊണ്ടാണു്. അന്ധനായ ജോൺ മിൽട്ടൻ എന്ന ആംഗലകവി, അഭിപ്രായസ്വാതന്ത്ര്യത്തിനു വേണ്ടിയും തൻെറ തൂലിക ചലിപ്പിച്ചു. "മനസ്സാക്ഷിയനുസരിച്ചു് അറിയുന്നതിനും, സംസാരിക്കുന്നതിനും സ്വതന്ത്രമായി വാദിക്കുന്നതിനും എനിക്കവകാശം തരിക" എന്നു് അദ്ദേഹം പാടി.

അമേരിക്കൻ കോളനികളിൽ ജീവിച്ചിരുന്ന ജോൺ പീററർ സെൻഗർ എന്നൊരു അച്ചുകൂടക്കാരൻ പത്രസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നേടുകതന്നെ ചെയ്തു. "വീക്‌ലി ജേർണൽ" എന്നൊരു പത്രത്തിൻെറ എഡിററായിരുന്ന സെൻഗർ, 1735-ൽ വില്യം കോസ്ബി എന്ന ഗവർണ്ണറുടെ ചില അനീതിപരമായ നടപടികളെ വിമർശിച്ചുകൊണ്ടു് ഒരു ലേഖനമെഴുതി. ഫലം അയാളുടെ അറസ്റ്റായിരുന്നു. പക്ഷെ കോടതി സെൻഗറെ വെറുതെവിട്ടു. അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തേയോ പത്രസ്വാതന്ത്ര്യത്തേയോ ഉന്മൂലനം ചെയ്യുന്ന വകുപ്പുകളൊന്നും ഇന്നു് അമേരിക്കൻ ഭരണഘടനയിലില്ല.

വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം മനുഷ്യരെ അന്യോന്യം അടുപ്പിച്ചു. സ്വാതന്ത്ര്യസമരങ്ങൾ അതിന്റെ ഫലമായിരുന്നു. ഒരാൾ മറെറാരാളെ സഹായിച്ചു; ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തേയും. അവരൊന്നിച്ചു പ്രവർത്തിച്ചു; സ്വാതന്ത്ര്യത്തിനുവേണ്ടി ഒന്നിച്ചുനിന്നു

പൊരുതി. 1789-ലെ ഫ്രഞ്ചുവിപ്ലവവും 1953-ലെ കിഴക്കേ ബർലിൻ വിപ്ലവവും, രണ്ടും രണ്ടാണെങ്കിലും എന്തിനു വേണ്ടി അവർ പൊരുതിയോ, ആ ലക്ഷ്യമൊന്നുതന്നെയാണു്. 19-ാം നൂററാണ്ടിൽ ദക്ഷിണ അമേരിക്കയിലും 20-ാം നൂററാണ്ടിൽ ഏഷ്യയിലും രൂപം കൊണ്ട റിപ്പബ്ലിക്കുകൾ തമ്മിൽ പൊതുവായ ഒരു ബന്ധമുണ്ടു്; അതു് വർഗ്ഗത്തിൻെറയോ നിറത്തിൻെറയോ സ്ഥലകാലങ്ങളുടെയോ ബന്ധമല്ല. സ്വാതന്ത്ര്യത്തിനും നീതിയ്ക്കും വേണ്ടിയുള്ള ദാഹവും, ആത്മീയമായ ഐക്യവും, മനുഷ്യനു് ദൈവദത്തമായിരിക്കുന്ന അന്തസ്സിനെപ്പററിയുള്ള ബോധവുമായിരുന്നു ആ ഒരുമയുടേയും ബന്ധത്തിൻേറയും കാരണങ്ങൾ.



ഫ്രഞ്ചുവിപ്ലവത്തിലെ ഒരു സമരരംഗമാണു് ഈ പുരാതനചിത്രത്തിൽ കാണുന്നതു്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള ഇമ്മാതിരി സമരങ്ങൾ ഫ്രാൻസിൽ മാത്രമല്ല, മററു യൂറോപ്യൻരാജ്യങ്ങളിലും, അമേരിക്കയിലുമെല്ലാം നടന്നിട്ടുണ്ടു്. സ്ഥലകാലസാഹചര്യങ്ങൾക്കു വ്യത്യാസമുണ്ടെങ്കിലും, അമ്മാതിരി സമരങ്ങൾക്കു് എവിടേയും പ്രേരകമായിരുന്നിട്ടുള്ള സ്വാതന്ത്ര്യതൃഷ്ണ ഒരേതരത്തിലുള്ളതുതന്നെയാണു്.



# 3 തുടരുന്ന പാരമ്പര്യങ്ങൾ

ജനാധിപത്യത്തിന്റെ കാതലായ ഈ ആശയങ്ങൾ രൂപമെടുക്കുന്നതിനു് നൂററാണ്ടുകൾ തന്നെ വേണ്ടിവന്നു. ആദ്യം ഓരോരുത്തരുടെ മനസ്സുകളിലിരുന്നതേയുള്ളു ഈ ആശയം. പിന്നീടവ പുസ്തകരൂപത്തിലായി. ജനാധിപത്യവിചാരങ്ങൾ നേതാക്കന്മാർ അനുയായികളുടെ മുമ്പിൽ നിരത്തിവച്ചു വിശദീകരിച്ചു. ചിലേടങ്ങളിൽ ചില ഭരണാധിപന്മാരെ സ്വാധീനിക്കുന്നതിനും അതിനു കഴിഞ്ഞു. എന്നാൽ സംഘം ചേർന്നു് വളരെപ്പേർ അതേപ്പററി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങിയപ്പോഴാണു് ജനാധിപത്യം ഒരു യാഥാർത്ഥ്യമായിത്തീർന്നതു്. ജനാധിപത്യപ്രസ്ഥാനത്തിന്റെ ആത്മാവു് എപ്പോഴും അതിന്റെ ആശയങ്ങളും ലക്ഷ്യങ്ങളുമായിരുന്നു. സമൂഹക്രമത്തിൽ വന്നിട്ടുള്ള മാററങ്ങളാണു് ഡെമോക്രസിക്കു നേരിടേണ്ടിവന്ന ഏററവും വലിയ പ്രശ്നം. അനുദിനം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ലോകഗതിക്കനുസൃതമാംവണ്ണം ഈ ആശയങ്ങൾ എങ്ങനെ ഭദ്രമായി പരിരക്ഷിക്കപ്പെടാം?

ചിലേടത്തു് നൂററാണ്ടുകളുടെ ഭ്രമണത്തോടുകൂടിയാണു് ഡെമോക്രസി രൂപം കൊണ്ടതെങ്കിൽ, മററു് ചില സ്ഥലങ്ങളിൽ രക്തരൂഷിതമായ ഒരു വിപ്ലവത്തിന്റെ അനന്തരഫലമായിട്ടായിരിക്കാം. മനുഷ്യഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന ആശയങ്ങളും വികാരങ്ങളും സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുവാൻ അവനു് പ്രചോദനം നല്കിയപ്പോഴാണു് വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെട്ടതു്. ഏതു രാജ്യത്തും—ജനാധിപത്യസർക്കാർ ഉണ്ടായിട്ടില്ലാത്ത രാജ്യത്തുപോലും—ജനാധിപത്യവാസനകൾ അടിഞ്ഞുകിടപ്പുണ്ടു്, പററിയ അവസരവും, അനുയോജ്യമായ നേതൃത്വവുമെല്ലാം പ്രതീക്ഷിച്ചു്. ഇത്തരം രാജ്യങ്ങൾക്കു് ഡെമോക്രസി ഒരു പ്രത്യാശയാണു്. പ്രജായത്തഭരണരീതി അനുഭവിച്ചറിഞ്ഞവർ അതു് നിഷേധിക്കപ്പെട്ടവരെ സഹായിക്കുക എന്നതു് ഒരു പാരമ്പര്യവുമാണു്.



കാൻറൺ അഥവാ സംസ്ഥാനം എന്നു പറയപ്പെടുന്ന പല ഘടകങ്ങളും പല കാലഘട്ടങ്ങളിലായി ചേർന്നുണ്ടായ ഒരു രാഷ്ട്രമാണ് സ്വിററ്സർലണ്ട്. 1332-ൽ ലൂസ്റെയിൻ എന്ന സംസ്ഥാനം സ്വിസ് കോൺഫെഡറേഷനിൽ പുതുതായി ചേരുന്ന ചടങ്ങിനെ സൂചിപ്പിക്കുന്നതാണ് ഈ ചിത്രം.

## രാഷ്ട്രങ്ങളുടെ സൃഷ്ടി

ക്രമേണയുള്ള വികാസംകൊണ്ട് ജനാധിപത്യസമ്പ്രദായം പുഷ്ടിപ്രാപിച്ച രണ്ടു രാജ്യങ്ങളാണ് ഇംഗ്ലണ്ടും സ്വിററ്സർലണ്ടും. ജർമ്മനിയുടേയും ഇററലിയുടേയും ബർഗണ്ടിയുടേയും ചില അംശങ്ങൾ കൂട്ടിച്ചേർന്നാണ് സ്വിററ്സർലണ്ട് ഒരു രാഷ്ട്രമായിത്തീർന്നതു്. "ലീഗ് ഓഫ് ദി ത്രീ ഫോറസ്റ്റ് കാൻറൺസ്" എന്ന പേരിലുള്ള ഒരു ചെറിയ സംസ്ഥാനസംവിധാനത്തിൽ നിന്നാണ്. സ്വിററ്സർലണ്ട് വളർന്നതു്. 1291-ൽ ഹാപ്സ്ബർഗുകൾക്കെതിരായ യുദ്ധത്തിനു ശേഷം അതു് "എവർലാസ്റ്റിംഗ് ലീഗ്" എന്ന പേരിൽ ഒരു യൂണിയനായിത്തീർന്നു.

1353-ാമാണ്ടായപ്പോഴേക്കു്, നാലു കാന്റണുകൾ കൂടി ഈ ലീഗിനോടു ചേർന്നു; അതിനോടു ചേരുന്നതിന് വേറെയും പ്രദേശങ്ങളുണ്ടായി. അങ്ങനെ പല സംസ്ഥാനങ്ങൾ ചേർന്നുണ്ടായ സ്വിററ്സർലണ്ടിൻെറ സ്വാതന്ത്ര്യവ്യക്തിത്വം 1648-ൽ നടന്ന വെസ്റ്റ്ഫേലിയാ സന്ധിയോടുകൂടിയാണ് മുറപ്രകാരം പ്രഖ്യാപിതമായതെന്നു പറയാം.

ആഭ്യന്തരമായ മൽപ്പിടുത്തങ്ങൾ നടന്നിരുന്നെങ്കിലും, ബാഹ്യാക്രമണങ്ങൾ സ്വിസ്സ്‌യൂണിയനെ സുശക്തമാക്കിത്തീർത്തു. 1848-ൽ സ്വിസ് ഫെഡറൽ ഗവമ്മെൻറ് പുനസ്സംഘടിപ്പിക്കപ്പെട്ടു. ഉന്നതാധികാരങ്ങളുള്ള ഒരു കേന്ദ്രഗവമ്മെൻറും 22 കാൻറണുകളും ഉള്ള ഒരു ഭരണഘടന നിമ്മിതമായി. പിന്നെയുമുണ്ടായിക്കൊണ്ടിരുന്ന മാററങ്ങളും ഭേദഗതികളും. ഈ മാററങ്ങളുടെ അനന്തരഫലം അഭിപ്രായപ്രകടനസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, തുല്യമായ നിയമവാഴ്ച എന്നീ മൗലികാവകാശങ്ങളുടെ അംഗീകരണമായിരുന്നു.

ഇന്നു് അവിടെ നാലു വഷത്തിലൊരിക്കൽ പൊതുതിരഞ്ഞെടുപ്പു് നടക്കുന്നു. വ്യക്തിസ്വാതന്ത്ര്യങ്ങളെ പരിരക്ഷിക്കാൻ ഫെഡറൽ സുപ്രീംകോടതിയുണ്ടു്. 20-നും 28-നും ഇടയ്ക്കു പ്രായമുള്ള പുരുഷന്മാരെല്ലാം സൈന്യസേവനം അനുഷ്ഠിച്ചുകൊള്ളണമെന്നാണ് വ്യവസ്ഥ. ഭാഷയിലും. മതത്തിലും, ആചാ

രങ്ങളിലുമെല്ലാം വൈവിധ്യങ്ങളാണവിടെ—എന്നാൽ രാഷ്ട്രീയമായി അതിഭദ്രമായ ഒരു ഘടകമാണിന്നു് സ്വിററ്സർലണ്ടു്. പൗരാവകാശങ്ങളെല്ലാം അവിടെ ഭദ്രമാണു്.


1688-ൽ വില്യം രാജാവും മേരി രാജ്ഞിയും കൂടി ബ്രിട്ടീഷ് ഗവമ്മെണ്ടു് പുനസ്സംഘടിപ്പിക്കുന്നതിനായി ഹോളണ്ടിൽ നിന്നുവന്നു. ബ്രിട്ടീഷുകാർ അതിനെ 'രക്തരഹിതവിപ്ലവ'മെന്നു വിളിക്കുന്നു— മഹത്തായ വിപ്ലവമെന്നും അതിനു പേരുണ്ടു്. ഡെമോക്രാററിക് ഭരണക്രമത്തിലേയ്ക്കുള്ള ഇംഗ്ലണ്ടിന്റെ വളച്ചയുടെ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു ഈ സംഭവം.

ഫ്യൂഡൽ പ്രഭുഭരണത്തിന്റെ തലവനായ ജയിംസ് രണ്ടാമൻ പാർലിമെന്റു പിരിച്ചുവിട്ടു. എന്നാൽ മുൻകാലങ്ങളിൽ കഷ്ടപ്പെട്ടു നേടിയെടുത്ത മനുഷ്യാവകാശങ്ങൾ ഉപേക്ഷിക്കുവാൻ പ്രജകൾ തയ്യാറായില്ല. ഗവമ്മെൻറിന്റെ ചുക്കാൻ പിടിക്കുന്നതിനു് അവർ വില്യം ഓഫ് ഓറഞ്ചിനെ ക്ഷണിച്ചു. വില്യം സൈന്യസമേതനായി ലണ്ടനിലേക്കു മാർച്ചുചെയ്തു. ജയിംസ് പലായനം ചെയ്തപ്പോൾ ഇംഗ്ലീഷുകാർ കിരീടം വില്യമിനു വച്ചുനീട്ടി. ഒരു വ്യവസ്ഥ മാത്രം—വില്യം ഒരു 'അവകാശപ്രഖ്യാപനം' അംഗീകരിക്കണം. വില്യം ആ വ്യവസ്ഥ സ്വീകരിച്ചു് കിരീടം വാങ്ങി. പാർലിമെൻറിന്റെ പരമാധികാരം അങ്ങനെ ഇംഗ്ലണ്ടിൽ ഭദ്രമാക്കപ്പെടുകയും ചെയ്തു.

ബ്രിട്ടീഷ്ജനാധിപത്യത്തിന്റെ വഴിത്താരയിലെ ഒരു നാഴികക്കല്ലുമാത്രമേ ആകുന്നുള്ളു, ഈ 'മഹത്തായ വിപ്ലവം.' രാജാവിന്റെ പരമാധികാരങ്ങൾ ജനങ്ങളിലേയ്ക്കു പകരുന്നതിനുള്ള നടപടി ഇതിനു മുമ്പുതന്നെ ബ്രിട്ടനിലാരംഭിച്ചിട്ടുള്ളതാണു്.

1647-ൽ രാജാവിന്റേയും പ്രജകളുടേയും അധികാരാവകാശങ്ങൾ തമ്മിൽ അതിരു തിരിക്കുന്നതിനായി 'ജനങ്ങളു

ബ്രിട്ടനിലെ കോമൺസ്സഭയോടു് വളരെ സാമ്യമുള്ളതാണു് ഗോൾഡ്കോസ്റ്റിലെ നിയമസഭ.



ടെ സമ്മതം' എന്നറിയപ്പെടുന്ന ഒരു ഉടമ്പടിയുണ്ടാക്കി. ബ്രിട്ടീഷ് ഭരണഘടനയുടെ മൂലക്കല്ലുകളിലൊന്നായി ഈ 'ജനസമ്മത'ത്തെ കണക്കാക്കുന്നു. കാലാന്തരത്തിൽ രാജാവിൻെറ എക്സിക്യൂട്ടീവ് അധികാരങ്ങൾ പാർലിമെൻറിന്ന് നല്കപ്പെട്ടു. മന്ത്രിസഭ എന്ന ഒരു മദ്ധ്യവർത്തിയിലൂടെയാണിതു് പ്രായോഗികമാക്കുക.

ഇതുപോലെ തന്നെയാണ് പൗരാവകാശങ്ങളുടെയും വളർച്ച്. 18-ാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടി ജനങ്ങളിൽ പൗരബോധം വളർന്നുതുടങ്ങി. എങ്കിലും ജനങ്ങളുടെ ആവശ്യങ്ങളെ മാനിക്കുന്ന ഒരു ഗവമ്മെണ്ടു് രൂപീകരിക്കുന്നതിന്ന് പിന്നെയും ഒരു വർഷം കൂടി വേണ്ടിവന്നു.

ജനാധിപത്യജീവിതരീതികൾ ബ്രിട്ടീഷുകാരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെന്നു പറയാം. ഇംഗ്ലണ്ടിൻെറ സ്വാധീനതയിൽ പെട്ടുപോയ രാഷ്ട്രങ്ങളിലെല്ലാം പൗരാവകാശങ്ങളോടുള്ള ബഹുമാനവും ജനാധിപത്യരീതികളോടും ഗവമ്മെൻറിനോടുമുള്ള ധാരണയും ഉണ്ടാക്കുന്നതിന്ന് അവർക്കു കഴിഞ്ഞിട്ടുണ്ടു്.

## അമേരിക്കൻ വിപ്ലവങ്ങൾ

അതിരൂക്ഷമായ ശൈത്യത്തേയും പട്ടിണിയേയും വസ്ത്രക്ഷാമത്തേയും അവഗണിച്ചുകൊണ്ടാണ് ജോർജ്ജ് വാഷിംഗ്ടൻെറ ഭടന്മാർ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതു്. തങ്ങൾ ചെയ്യുന്ന സമരത്തിൻെറ അർത്ഥമെന്തെന്ന് വാഷിംഗ്ടനും തോമസ് ജെഫേഴ്സണും അവരുടെ അനുയായികൾക്കു് വിശദീകരിച്ചുകൊടുത്തു. ഒട്ടും പുതുമയുള്ള ആശയങ്ങളായിരുന്നില്ല അവ. പോയ തലമുറകളിലെ ധീരദേശാഭിമാനികൾ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ സമരങ്ങളുടെ സംഗ്രഹമായിരുന്നു ആ ആശയങ്ങൾ.


അമേരിക്കൻ വിപ്ലവമാരംഭിച്ചതിൻെറ തലേക്കൊല്ലം വെർജീനിയാക്കാരനായ പാട്രിക് ഹെൻറി എന്ന ഒരഭിഭാഷകൻ പറഞ്ഞു: "അടിമത്തമനുഭവിച്ചും തുറുങ്കുകളിൽ കിടന്നും നേടത്തക്കവിധം അത്രയ്ക്കു മധുരതരമാണോ സമാധാനം? നമുക്കു് അത്രമാത്രം പ്രിയപ്പെട്ടതാണോ നമ്മുടെ ജീവൻ തന്നെ? എന്നെ സംബന്ധിച്ചേടത്തോളം ഒന്നുകിൽ സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം." 1776-ൽ തോമസ് ജെഫേഴ്സൺ ചരിത്രപ്രസിദ്ധമായ 'സ്വാതന്ത്ര്യപ്രഖ്യാപനം' എഴുതി— മനുഷ്യകുലം സമ്പാദിച്ചിട്ടുള്ള ഏററവും വലിയ സ്വാതന്ത്ര്യപ്പട്ടയങ്ങളിലൊന്നായ 'ഡിക്ലറേഷൻ ഓഫ് ഇൻഡിപ്പെൻഡൻസ്".

വിപ്ലവവും സ്വതന്ത്രമായ പ്രവർത്തനവും അന്നൊരു പുതുമയായിരുന്നു. ഇംഗ്ലണ്ടിനെതിരായി ഈ കോളനികൾക്കു് ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്ന് ചില യൂറോപ്യന്മാർ കരുതി. അമേരിക്കരുടെ ഹൃദയങ്ങളിൽ കത്തിക്കാളിയിരുന്ന സ്വാതന്ത്ര്യമോഹത്തിൻെറ ബഹിർസ്ഫുരണമായിരുന്നു 'സ്വാതന്ത്ര്യപ്രഖ്യാപനം.' എല്ലാ ഗവമ്മെൻറുകളും ഭരണീയരുടെ സമ്മതത്തിലാണ് അധിഷ്ഠിതമെ



ജോർജ്ജ് വാഷിംഗ്ടൺെറ നിസ്വാർത്ഥവും നിർവേശീതവുമായ നേതൃത്വമാണ് അമേരിക്കയുടെ ചെറുസൈന്യത്തെ കൊടിയ തണുപ്പിലും തകർച്ചയിലും ഏകീകരിച്ചുനിർത്തിയിരുന്നതു്.

ബ്രിട്ടീഷുകാർക്കെതിരായുള്ള അമേരിക്കൻ സമരത്തിൻെറ തീക്ഷ്ണത അമേരിക്കക്കു ബോദ്ധ്യമായതു്, പാട്രിക് ഹെൻറി തുടങ്ങിയവരുടെ പ്രസംഗങ്ങളും മൂലമാണ്. വെർജീനിയായിലെ നിയമസഭാമന്ദിരത്തിലെ ഒരു പ്രസംഗരംഗം നോക്കുക.





അമേരിക്കയുടെ സ്വാതന്ത്ര്യപ്രഖ്യാപനം വിരചിച്ച കൈകൾ — തോമസ് ജെഫേഴ്സൺ.



ദക്ഷിണഅമേരിക്കയുടെ സ്വാതന്ത്ര്യത്തിന്നായി പടപൊരുതിയ രണ്ടു നേതാക്കന്മാർ — ബൊളീവറും സാൻമാർട്ടിനും



ന്നു പറഞ്ഞ ജെഫേഴ്സൺ ഇത്രയും കൂടി അഭിപ്രായപ്പെട്ടു. "സേച്ഛാധിപത്യത്തിൻകീഴിലിട്ട് മനുഷ്യത്വത്തെ ഉന്മൂലനം ചെയ്യാനാണു ശ്രമമെങ്കിൽ അത്തരം ഗവമ്മെൻറുകളെ ഇറക്കിവിട്ടും ഭാവിഭദ്രതയ്ക്കു പുതിയ സംരക്ഷകരെ സൃഷ്ടിക്കുക എന്നതു് നമ്മുടെ അവകാശവും നമ്മുടെ ധമ്മവുമാണ്."

അമേരിക്കൻജനതയുടെ ജീവനും, ഭാവിപൗരന്മാരുടെ ഭാഗധേയവും ഡെമോക്രസിക്കുവേണ്ടി പണയപ്പെടുത്തുവാൻ വിപ്ലവകാരികൾ മടിച്ചില്ല. മനുഷ്യാവകാശങ്ങളും പൗരസ്വാതന്ത്ര്യവും നിയമംമൂലം ഭദ്രമാക്കപ്പെടണമെന്ന് അവക്കു നിർബ്ബന്ധമുണ്ടായിരുന്നു. വോട്ടറന്മാരുടെ താല്പര്യത്തിൽ അധിഷ്ഠിതമായിരുന്ന ഗവമ്മെൻറിൻെറ അധികാരങ്ങൾ എക്സിക്യൂട്ടീവ് എന്നും ജുഡീഷ്യറി എന്നും രണ്ടു വകുപ്പുകളായി വിഭജിക്കപ്പെട്ടു.

മറ്റുകഭരണാധിപന്മാരെ തൊഴിച്ചു ദൂരെയെറിയുന്നതിനു് ലോകത്തെങ്ങുമുള്ള ആളുകൾക്കു് പ്രചോദനം നല്കുവാൻ പോരുന്നതായിരുന്ന അമേരിക്കൻവിപ്ലവം. ആ വിപ്ലവത്തിൽനിന്നും പ്രചോദനംകൊണ്ട ഒരു രാജ്യമാണ് ഹെയ്റ്റി. ആഫ്രിക്കയിൽനിന്നും കൊണ്ടുവന്ന അടിമകളെ പാപ്പിച്ചിരുന്ന രാജ്യമായിരുന്ന ഹെയ്റ്റി. 1789-ൽ ഹെയ്റ്റിയിൽ 39,000 വെള്ളക്കാരും, 27,000 നാട്ടുകാരും 5 ലക്ഷത്തോളം അടിമകളുമുണ്ടായിരുന്നു. അമേരിക്കൻ-ഫ്രഞ്ചു് വിപ്ലവങ്ങളിൽനിന്നു് പ്രചോദനം കിട്ടിയ ഹെയ്റ്റിയിലെ വിമോചിതരായ അടിമകൾ 1791-ൽ വിപ്ലവമാരംഭിക്കുകയും, കുറെ പ്രദേശങ്ങൾ പിടിച്ചടക്കുകയും ചെയ്തു. 1793-ൽ വീണ്ടും അവർ ഇളകി. മലമ്പ്രദേശങ്ങളിൽ നിന്നും പട്ടണപ്രാന്തങ്ങളിലേയ്ക്കു് ഒരു കൊടുങ്കാററുപോലെ അവർ നീങ്ങി.

50 വഷക്കാലം അടിമത്തത്തിൽ കഴിഞ്ഞ ടൂസെയിൻറ് ആയിരുന്നു ഇവരുടെ നേതാവു്. ഒരു സൈന്യാധിപനായിരുന്നില്ലെങ്കിലും ഉറച്ച ആത്മധൈര്യവും നേതൃത്വവാസനയും അദ്ദേഹത്തെ അടിമകളുടെ നേതാവാക്കുകയാണുണ്ടായതു്. 1794-ൽ അടിമത്തം നിരോധിക്കപ്പെട്ടു; 1801-ൽ ഹെയ്റ്റി ദ്വീപു മുഴുവൻ ടൂസെയിൻറിൻെറ അധീനതയിലായി.

പക്ഷേ, ഫ്രഞ്ച് വിപ്ലവകാലത്തു് ഹെയ്റ്റിദ്വീപു് നെപ്പോളിയൻ പിടിച്ചെടുക്കുകയും, ടൂസെയിൻറിനെ തുറുങ്കിലടക്കുകയും ചെയ്തു. കൽത്തുറുങ്കിൽ കിടന്നു് ടൂസെയിൻറ് അന്ത്യശ്വാസം വലിച്ചെങ്കിലും, 'സ്വാതന്ത്ര്യദാഹം' എന്ന മഹത്തായ ഒരു ദാനം തൻെറ നാട്ടുകാക്കു നല്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ടൂസെയിൻറിൻെറ അനുയായികൾ ഫ്രഞ്ചുപട്ടാളത്തിനെതിരായി ധീരോചിതം പോരാടി, അവരെ ആട്ടിപ്പായിച്ചു. ജീൻ ജാക്വസ് 1804 ജനുവരി 1-ാം നു- ഹെയ്റ്റിയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ലാററിൻഅമേരിക്കയിലെ ആദ്യത്തെ സ്വാതന്ത്ര്യസമരമായിരുന്നു ഇതു്.

സ്വാതന്ത്ര്യത്തിൻെറ രാഗതരംഗങ്ങൾ ലാററിനമേരിക്കയിലേയ്ക്കും വ്യാപിച്ചു. ഒരു പുതിയ ലോകത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയവരാ

ണു് ബൊളീവർ, സാൻമാർട്ടിൻ തുടങ്ങിയവർ. സാൻമാർട്ടിനും ബൊളീവറും കൂടി നടത്തിയ സ്വാതന്ത്ര്യസമരങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവയിൽ ഏററവും ഉജ്ജ്വലങ്ങളാണു്.

"ഭൂമുഖത്തുണ്ടായിരിക്കേണ്ട ഏക അധികാരം ജനങ്ങളുടെ അധികാരമാണു്. ദുർഭരണമെന്ന വാക്കുതന്നെ ഭാഷകളിൽ നിന്നു് തുടച്ചുകളയണം..." എന്നു് ബൊളീവർ പ്രഖ്യാപിച്ചു.

## റഷ്യ

ദുർഭരണത്തിനെതിരായി പോരാടിയ ജനങ്ങളുടെ കൈകളിൽനിന്നും, അവർക്കു ലഭിച്ച വിജയം അപഹരിക്കപ്പെട്ട കാഴ്ചയാണു് റഷ്യയുടേയും ചൈനയുടേയും സമരകഥകളിൽ നാം കാണുന്നതു്.

പരാജിതനായ ഒരു മനുഷ്യൻ 1917-ൽ പെട്രോഗ്രാഡ്നഗരത്തിൽ നിന്നും പലായനം ചെയ്തു. ആ പലായനം റഷ്യയിലെ ഡെമോക്രസിയുടെ അവസാനത്തെ കുറിക്കുന്നു.


ഓർമ്മയെത്തുന്ന കാലം മുതൽ സാർ രാജവംശത്തിൻെറ കിരാതഭരണത്തിൽ വീർപ്പുമുട്ടിക്കഴിയുകയായിരുന്നു റഷ്യാക്കാർ. 19-ാം നൂററാണ്ടിൽ, എഴുത്തുകാരും രാഷ്ട്രീയനേതാക്കന്മാരും സ്വാതന്ത്ര്യത്തെപ്പററിയുള്ള ആശയങ്ങൾ ജനങ്ങളിൽ പ്രചരിപ്പിച്ചുതുടങ്ങി. "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" എന്ന ഫ്രാൻസിൻെറ ആദർശത്രയം യൂറോപ്പിനെ ആകെ ആകർഷിച്ചു. വോൾട്ടയറിൻെറയും റൂസോയുടെയും ആദർശങ്ങൾക്കു് വളരുവാൻ പററിയ മണ്ണായിരുന്നു റഷ്യ. 1861-ൽ അടിമത്തം നിരോധിക്കപ്പെട്ടു; മതസ്വാതന്ത്ര്യം നല്കപ്പെട്ടു. 1905-ൽ ഒരു നിയന്ത്രിത പ്രതിനിധിസഭ അവിടെ രൂപീകൃതമായി. എന്നാൽ ഇതുകൊണ്ടൊന്നും തൃപ്തിയടയുന്നവരല്ലായിരുന്നു, റഷ്യാക്കാർ.

ഒന്നാം ലോകമഹായുദ്ധം, സാർ ഭരണകൂടത്തെ ഛിന്നഭിന്നമാക്കുന്നതിനുള്ള അടിത്തറയിളക്കമായിരുന്നു. റഷ്യൻ സേനയ്ക്കു വന്ന വമ്പിച്ച നാശനഷ്ടങ്ങൾ, പട്ടിണി, സാമ്പത്തികത്തകർച്ച ഇവയെല്ലാം ജനങ്ങളെ അസ്വസ്ഥരാക്കി. ഇപ്പറഞ്ഞ അതൃപ്തരും അസ്വസ്ഥരും കൂടി 1917-ൽ വിപ്ലവമാരംഭിച്ചു. സാർ സ്ഥാനത്യാഗം ചെയ്തു. 1917 മാർച്ച് 15-ാം നു- റഷ്യയിൽ ഇദംപ്രഥമമായി സ്വയംഭരണമാരംഭിക്കുകയും ചെയ്തു.


താല്ക്കാലികമായി രൂപമെടുത്ത ഗവമ്മെൻറ് രാഷ്ട്രീയത്തടവുകാരെ വിമോചിപ്പിക്കുകയും വർഗ്ഗ-മത-സാമുദായികഭേദചിന്തകൂടാതെ എല്ലാവർക്കും നിയമത്തിൻെറ മുമ്പിൽ തുല്യത പ്രഖ്യാപിക്കുകയും ചെയ്തു. കർഷകർക്കു് ഭൂവിതരണമുൾപ്പെടെയുള്ള സാമൂഹ്യപരിഷ്കാരങ്ങളും റഷ്യയിൽ ആരംഭിച്ചു. കെറൻസ്കിയുടെ നേതൃത്വത്തിലുള്ള ഈ ഗവമ്മെൻറ് ഭരണം തുടങ്ങി അധികനാൾ കഴിയുന്നതിനുമുമ്പ് ലെനിൻെറ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ബോൾഷെവിക്കുകൾ (പിന്നീടു് കമ്മ്യൂണിസ്റ്റുകൾ) പ്രതിവിപ്ലവം ആരംഭിച്ചു് അധികാരം പിടിച്ചുവാങ്ങി. ഈ 'കമ്മ്യൂണിസ്റ്റ് പട്ടാളവിപ്ലവ'ത്തിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ ലെനിൻ കക്ഷി

ക്ക് 25 ശതമാനം വോട്ടേ കിട്ടിയുള്ളു. 707 പേരുള്ള പ്രതിനിധിസഭയിൽ 175 ആയിരുന്ന അവരുടെ അംഗസംഖ്യ. ഭൂരിപക്ഷം പേരും കമ്മ്യൂണിസത്തെ തിരസ്കരിച്ചുവെന്ന് മനസ്സിലാക്കിയപ്പോൾ, ലെനിൻ അസംബ്ലി പിരിച്ചുവിടുകയും പ്രതിപക്ഷക്കാരെ തുറങ്കുകളിലടയ്ക്കുകയും കൊന്നൊടുക്കുകയും ചെയ്തു. മററു പാർട്ടികളെല്ലാം നിരോധിക്കപ്പെട്ടതിനോടുകൂടി റഷ്യൻമണ്ണ് ജനാധിപത്യപരീക്ഷണത്തിൻെറ ശവക്കുഴിയായിക്കഴിഞ്ഞിരുന്നു.

പുതിയ ഭരണകൂടത്തിൻെറ രൂപം എന്തായിരിക്കുമെന്ന് ജനങ്ങൾക്ക് അറിഞ്ഞുകൂടായിരുന്നു. താമസിയാതെ അവരതിൻെറ രുചി അറിഞ്ഞുതുടങ്ങി. കമ്മ്യൂണിസ്ററ്സർക്കാരിൻെറ മർദ്ദനഭരണത്തേക്കാൾ സാർഭരണത്തിൻെറ കിരാതവാഴ്ച എത്രയോ നന്നായിരുന്നെന്ന് അതിവേഗം തന്നെ ജനങ്ങൾ മനസ്സിലാക്കി.



1191-ലെ ചൈനീസ് വിപ്ലവത്തിൻെറ നേതാവ് — സൺയാററ്സെൻ. ചൈനയ്ക്കു് ഒരു ജനകീയ ഭരണരീതി പ്രദാനംചെയ്തതു് ഇദ്ദേഹമാണ്.



പക്ഷേ ആഭ്യന്തരകലാപങ്ങളും വൈദേശികാക്രമണങ്ങളും കമ്മ്യൂണിസ്റ്റ് അട്ടിമറികളും ചൈനയിൽ തുടർന്നുകൊണ്ടിരുന്നു. 1940-ൽ ചുങ്കിംഗിൽ ജപ്പാൻ നടത്തിയ ബോംബാക്രമണത്തിൻേറതാണ് ഈ ചിത്രം.

## ചൈന

1911-ലെ ചീന വിപ്ലവത്തോടുകൂടി ചൈനയിൽ കലാപത്തിൻെറ വർഷങ്ങൾ ആരംഭിക്കുകയാണ്. ചൈനയിലെ ഭരണകൂടത്തിൽ 2000 വർഷങ്ങളായി കാര്യമായ യാതൊരു വ്യതിയാനവും വന്നിരുന്നില്ല. പുതിയ ആശയങ്ങളുടെ ആവിർഭാവത്തോടുകൂടി ഒരു റിപ്പബ്ലിക്കായിത്തീരാമെന്ന് ചൈന വ്യാമോഹിച്ചു. എന്നാൽ ആഭ്യന്തരവും വിദേശീയവുമായ ശക്തികൾ, ദേശീയൈക്യം പാലിക്കണമെന്നും റിപ്പബ്ലിക്കൻഭരണമാരംഭിക്കണമെന്നുമുള്ള ജനാഭിലാഷങ്ങളെ തകർത്തുകളഞ്ഞു.

ആ വിദേശശക്തികളിൽ പ്രധാനപ്പെ

ട്ടതു് ജപ്പാനായിരുന്നു. സാമ്രാജ്യമോഹം മൂത്ത ജപ്പാൻ 1931-ൽ മഞ്ചൂറിയാ ആക്രമിച്ചു. 1937-ാമാണ്ടോടുകൂടി ചൈനയും ജപ്പാനും തമ്മിൽ ദീർഘമായ ഒരു സമരം തന്നെ ആരംഭിച്ചു. ചൈനീസ് നാഷനൽ ഗവമ്മെൻറിന്റെ തലവനായ ചിയാങ്ങ് കയ്-ഷക്ക് രാജ്യത്തെ ജപ്പാനെതിരായി ഒററക്കെട്ടായി അണിനിരത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു; പക്ഷേ ആഭ്യന്തരമായ ഒരു ഭീഷണിയാണു് അദ്ദേഹത്തിനു നേരിടേണ്ടിവന്നതു്.

1911 മുതൽ സൺ യാററ്സെന്നിൻെറ നേതൃത്വത്തിലുള്ള കുമിന്താങ്ങ് പാർട്ടി ശക്തി പ്രാപിച്ചുവരികയായിരുന്നു. കുമിന്താങ്ങിൻെറ ശക്തിവർദ്ധനവിൽ റഷ്യൻകമ്മ്യൂണിസ്ററുകൾക്കു് താല്പര്യം ജനിച്ചു. ജപ്പാനെതിരായി പടപൊരുതിക്കൊണ്ടിരുന്ന ചിയാങ്ങ് കയ്-ഷക്കിനെ പിറകിൽനിന്നു കുത്തുന്നതിനാണു് ചൈനീസ്കമ്മ്യൂണിസ്റ്റുകൾ ശ്രമിച്ചതു്. ജപ്പാനുമായുള്ള യുദ്ധം അവസാനിച്ചപ്പോൾ ജപ്പാൻകാരിൽനിന്നും പിടിച്ചെടുത്ത ആയുധങ്ങളുമായി ചൈനയിലെ കമ്മ്യൂണിസ്റ്റുകൾ ചിയാങ്ങ്ഭരണകൂടത്തിൻെറ നേരെ തിരിഞ്ഞു. സായുധകമ്മ്യൂണിസ്റ്റുകൾ നാട്ടുനീളെ നടന്നു് ജനങ്ങൾക്കു് മധുരമനോഹരമായ ഒരു മനോജ്ഞ ചൈന വാഗ്ദാനംചെയ്തു. തുടർന്നുനടന്ന വിപ്ലവത്തിനുശേഷം 1949-ൽ മാവോ സെ-തുങ്ങിൻെറ നേതൃത്വത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം അവിടെ സ്ഥാപിതമായി.

സൺയാററ്സെന്നിൻെറ ആദർശങ്ങൾ വഞ്ചിക്കപ്പെട്ടതിനുശേഷം രൂപീകൃതമായ റഷ്യൻ മോഡലിലുള്ള ഈ പോലീസ്സ്റ്റേററിൽ ഡെമോക്രസി നല്ല ഒരു നാളയിലേയ്ക്കു മാററിവയ്ക്കപ്പെട്ടിരിക്കുകയാണു്. ഒരിക്കൽ അതു കരഗതമായി ക്കൊള്ളുമെന്നു് അവിടത്തെ ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചിട്ടുണ്ടു്.

**സോവിയററ് ആയുധസഹായത്തോടെ ചൈനീസ് കമ്മ്യൂണിസ്ററുകൾ അട്ടിമറിനടത്തുന്നു.**





ചൈനീസ് കമ്മ്യൂണിസ്ററുകൾ തങ്ങളുടെ എതിരാളികളെ വരിവരിയായി നിർത്തി വെടിവെച്ചുകൊല്ലുന്നു

## രാഷ്ട്രങ്ങൾ, അയൽക്കാരെന്ന നിലയിൽ

1923 മുതൽ എത്തിയോപ്പിയാ ലീഗ് ഓഫ് നേഷൻസിലെ ഒരംഗമായിരുന്നു. 1936-ൽ മുസോലിനി എത്തിയോപ്പിയായെ ആക്രമിച്ചപ്പോൾ എത്തിയോപ്യൻ ചക്രവർത്തി ഹെയിലിസെലാസി സകുടുംബം പലായനം ചെയ്യുകയും ലീഗ് ഓഫ് നേഷൻസിന്റെ ആസ്ഥാനമായ ജെനീവായിലെത്തി പരാതിപ്പെടുകയും ചെയ്തു. മുസോലിനിയുടെ ആക്രമണത്തെപ്പററി അദ്ദേഹം ഇങ്ങനെ പറഞ്ഞു: "അന്താരാഷ്ട്രസിദ്ധാന്തങ്ങളുടേയും, സ്വാതന്ത്ര്യസംരക്ഷണം സംബന്ധിച്ച് ചെറിയ രാജ്യങ്ങളോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങളുടേയും ഒരു ലംഘനമാണിതു്. അന്താരാഷ്ട്രധർമ്മങ്ങളാണ് ഇവിടെ അപകടത്തിലായിരിക്കുന്നതു്. ... ഇതു സംബന്ധിച്ചുള്ള നിങ്ങളുടെ വിധിവാചകം ദൈവവും ചരിത്രവും വിസ്മരിക്കുകയില്ല......"

എന്നാൽ ലീഗ് ഒന്നും ചെയ്തില്ല; സെലാസിയുടെ അഭ്യർത്ഥനയെ അതു നിരസിച്ചു; ഇററലിയ്ക്കെതിരായി ഒരു ചെറുവിരൽ പോലും അനക്കിയില്ല. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം അന്താരാഷ്ട്രീയസംഘട്ടനങ്ങൾ അവസാനിപ്പിക്കുന്നതിനും രാജ്യങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്തു് പരിഹരിക്കുന്നതിന് ഒരു രംഗമൊരുക്കുന്നതിനും ലീഗ് പരമാവധി ശ്രമിച്ചിട്ടുണ്ട്. നിരായുധീകരണം, തൊഴിൽനിയമനിർമ്മാണങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയും ലീഗ് കൈകാര്യം ചെയ്തിട്ടുണ്ട്.




എത്തിയോപ്യൻ ചക്രവർത്തി
ഹെയിലി സെലാസി

എന്നാൽ രണ്ടു ലോകമഹായുദ്ധങ്ങളുടെ ഇടയ്ക്കുള്ള കാലഘട്ടത്തിൽ, ആക്രമണാസക്തമായ സേച്ഛാധിപത്യങ്ങൾ ചെറിയ രാജ്യങ്ങളെ പലതിനേയും വെട്ടിവിഴുങ്ങി. ഇത്തരം പോലീസ്‌രാഷ്ട്രങ്ങൾ അതതു രാജ്യത്തിൻെറ സാമ്പത്തികവും സൈനികവും മററുമായ സകല അധികാരങ്ങളും കൈയടക്കിക്കൊണ്ടു വിഹരിക്കുകയായി. ജനങ്ങളുടെ അധികാരം ഒരു പാർട്ടിയ്ക്കോ ഒരു നേതാവിനോ കൈയൊഴിഞ്ഞുകൊടുത്താലുള്ള അനുഭവമെന്തെന്നു് ജമ്മനി, ഇററലി, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾക്കു് പഠിക്കുവാൻ കുറേക്കാലം വേണ്ടിവന്നു. ഒരു രാജ്യത്തിന്റെ മേൽ ഒരു പോലീസ് ഭരണക്രമം അടിച്ചേല്പിച്ചുകഴിഞ്ഞാൽ അതു് പിന്നെ ഇളക്കിക്കളയുക പ്രയാസമെന്നു് അവർ മനസ്സിലാക്കിയതു വളരെ താമസിച്ചായിരുന്നു. കൈയേററങ്ങളെ ചെറുത്തു തോല്പിക്കുവാൻ സർവ്വരാജ്യസംഘടനയ്ക്കു കഴിഞ്ഞില്ല. തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള കഴിവുമില്ലായിരുന്നു ദുർബ്ബലമായ ആ സംഘടനയ്ക്കു്.

1945-ൽ സർവ്വരാജ്യസംഘത്തിൻെറ സ്ഥാനം ഐക്യരാഷ്ട്രസംഘടന ഏററുവാങ്ങി. ലീഗിൻെറ പോരായ്മകൾ ദൂരീകരിക്കുന്നതിനും സർവ്വരാജ്യസഹകരണത്തിൽ കുറേക്കൂടി ഭദ്രവും ദൃഢവുമായ ഒരു അടിസ്ഥാനം പ്രദാനം ചെയ്യുന്നതിനും നേതാക്കന്മാർ ആഗ്രഹിച്ചു. 60 രാഷ്ട്രങ്ങൾ ഒപ്പുവച്ച ഐക്യരാഷ്ട്ര ചാർട്ടർ 1945 ഒക്ടോബർ 24-ാംനു- പ്രയോഗത്തിൽ വന്നു. അന്താരാഷ്ട്രസമാധാനവും ഭദ്രതയും കൈവരുത്തുമെന്നും, ഈ ലക്ഷ്യത്തിനാസ്പദങ്ങളായ രാഷ്ട്രീ

യവും സാമൂഹ്യവും സാമ്പത്തികവുമായ നിലപാടുകൾ മെച്ചപ്പെടുത്തുമെന്നും അതു പ്രതിജ്ഞചെയ്തു.

സമാധാനപരമായ സഹകരണത്തിനു് അംഗങ്ങൾക്കുള്ള താല്പര്യവും മനസ്സും എത്ര നാൾ നിലനില്ക്കുമോ, ആഗോളസമാധാനം കൈവരുത്തുന്നതിനു് ഐക്യരാഷ്ട്രസംഘടനയ്ക്കു് തങ്ങളുടെ അവിഭക്തമായ പിന്തുണ രാഷ്ട്രങ്ങൾ എത്ര നാൾ നല്കിക്കൊണ്ടിരിക്കുമോ, അത്രയും നാൾ ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ സാധിതപ്രായമായി എന്നു നമുക്കു പറയാം.



1936-ൽ ഇററലി എത്തിയോപ്പിയാ ആക്രമിച്ചപ്പോൾ സർവ്വരാജ്യസഖ്യത്തിനു് അതു നിരോധിക്കാൻ കഴിഞ്ഞില്ലെന്നു പറഞ്ഞല്ലോ. അക്കൊല്ലംതന്നെ ഹിററ്ലർ റൈൻലണ്ടു് ആക്രമിക്കുകയും, അദ്ദേഹം മുസോലിനിയുമായി ഒരു സഖ്യത്തിലേർപ്പെടുകയുംചെയ്തു. അവരുടെ കൂടിക്കാഴ്ചയെ കാണിക്കുന്നതാണു് ഇടത്തുവശത്തെ ചിത്രം.

## ഇന്ത്യ

കമ്മ്യൂണിസ്റ്റ് കൊളോണിയലിസത്തിന്റെ പിടിയിലേയ്ക്കു ചൈനാ അമർന്നുകൊണ്ടിരുന്ന അതേ സമയത്തു് ഏഷ്യയിലെ മറെറാരു മഹാരാഷ്ട്രം കൊളോണിയലിസത്തിന്റെ ചങ്ങലകൾ വെട്ടിപ്പുറത്തു ചാടുകയായിരുന്നു. രണ്ടു നൂററാണ്ടുകാലത്തെ ഭരണം മതിയാക്കി ബ്രിട്ടൻ 1947-ൽ ഇന്ത്യയിൽനിന്നും വിട



സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യാഗവൺമെണ്ടു് സാമ്പത്തികസാമൂഹ്യ മണ്ഡലങ്ങളിൽ വമ്പിച്ച പുരോഗതി പ്രാപിക്കുകയുണ്ടായി.

വാങ്ങിയപ്പോൾ ഇന്ത്യയിലെ 36 കോടി ജനങ്ങൾ അവരുടെ രാഷ്ട്രീയസ്വാതന്ത്ര്യംനേടി. ജനാധിപത്യത്തിന്റെ ചരിത്രത്തിലെ വമ്പിച്ച ഒരു നേട്ടമായിരുന്നു അതു്.

ഇന്ത്യയിലെ 584 നാട്ടുരാജ്യങ്ങൾ 28 സംസ്ഥാനങ്ങളിലായി വിലയം പ്രാപിച്ചു. പാക്കിസ്ഥാൻ രൂപീകരിക്കപ്പെട്ടു. മനുഷ്യാവകാശങ്ങളുടെ അടിത്തറയിൽ ഒരു ഡെമോക്രാററിക് ഭരണകൂടം ഇന്ത്യയിൽ സ്ഥാപിതമായി. അമേരിക്കയുടെയും ചില പശ്ചിമരാഷ്ട്രങ്ങളുടെയും ഭരണഘടനകളിൽനിന്നു് ഇന്ത്യൻ ഭരണഘടന പലതും സ്വീകരിച്ചിട്ടുണ്ടു്.

അഭിപ്രായപ്രകടനസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടന ജനങ്ങൾക്കു് പ്രദാനം ചെയ്തിരിക്കുന്നു; 21 വയസ്സു പൂർത്തിയായ ആൾക്കും ഇന്ത്യയിൽ വോട്ടവകാശമുണ്ടു്.


1951, 52-ൽ റിപ്പബ്ലിക്കൻ ഇന്ത്യയുടെ പ്രഥമ തിരഞ്ഞെടുപ്പു നടന്നു. 1060 ലക്ഷം ജനങ്ങൾ പോളിങ്ങ്ബൂത്തുകളിലേയ്ക്കു മാർച്ചുചെയ്തു, തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ. ലോക്സഭ (നേരിട്ടുള്ള വോട്ടിംഗ് മൂലം) രാജ്യസഭ എന്നീ രണ്ടു മണ്ഡലങ്ങളുള്ള ഒരു പാർലിമെന്റും ഒരു കേന്ദ്രഗവൺമെന്റും രൂപീകൃതങ്ങളായി. ഭൂരിപക്ഷകക്ഷിയുടെ നേതാവായിരുന്ന ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിത്തീർന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയ്ക്കുണ്ടായിട്ടുള്ള വമ്പിച്ച പുരോഗതി, നിസ്സ്വാർത്ഥമതികളായ നേതാക്കന്മാരുടെയും സഹകരണസന്നദ്ധരായ ബഹുജ


നങ്ങളുടേയും ബ്രിട്ടീഷുകാർ കൊടുത്തിട്ടു പോയ കാര്യശേഷിയുള്ള ഒരു ഉദ്യോഗസ്ഥവൃന്ദത്തിന്റേയും ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണു്; ഭാവിയുടെ വാഗ്ദാനങ്ങൾ കൊണ്ടു് പരിശോഭിതമായ ഒരു രാഷ്ട്രമാണു് ഇന്നു് ഇന്ത്യ.

ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുക എന്നതാണു് പുതിയ ഗവർമ്മെൻറിനെ അഭിമുഖീകരിച്ച ഏററവും ഗുരുതരമായ പ്രശ്നം. മാരകങ്ങളായ രോഗങ്ങൾക്കെതിരെ ആരംഭിച്ച സന്ധിയില്ലാസമരവും സ്വതന്ത്രഭാരതത്തിന്റെ ഒരു പ്രത്യേകതയാണു്. പൊതുജനാരോഗ്യ-ക്ഷേമപ്രവർത്തനങ്ങൾക്കു് ഡോക്ടറന്മാരും വിദഗ്ദ്ധന്മാരും അനുസ്യൂതം യത്നിച്ചുകൊണ്ടിരിക്കുന്നു. ഐശ്വര്യസമൃദ്ധമായ ഒരു ഇന്ത്യയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണു് എല്ലാവരുടേയും ലക്ഷ്യം. മനുഷ്യാവകാശങ്ങളെ അങ്ങേയററം മാനിച്ചുകൊണ്ടു് സമാധാനപരമായ സഹകരണത്തിലൂടെയാണു് ഇന്ത്യ അവളുടെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ പരിപാടികൾ മുമ്പോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നതു്.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം പുതിയ രാഷ്ട്രങ്ങളിലെല്ലാം ഒരു സമാധാനവിപ്ലവം ആരംഭിച്ചിരുന്നു. ചിലർ പ്രശ്നങ്ങളെ ഒററയ്ക്കു നേരിട്ടു; മററു ചിലർ വീണ്ടും ദുർഭരണത്തിന്റെ പടുകുഴിയിൽ വീണുപോയി. ഇന്ത്യ മറെറാരുദാഹരണമാണു്. വിനയത്തിലും സഹോദര്യത്തിലും അടിയുറച്ച ഒരു സ്വാതന്ത്ര്യദാഹമാണു് മഹാത്മജി ഭാരതീയരിൽ ഉളവാക്കിയതു്. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഇന്ത്യയുടെ പുരോഗതി, രക്തരഹിതവും സമാധാനപരവുമായിരുന്നതിന്റെ പ്രധാന കാരണം മഹാത്മജിയുടെ അഹിംസാതത്വങ്ങളായിരുന്നു.



വിനയം സാഹോദര്യം എന്നിവയിൽ അധിഷ്ഠിതമായ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദാഹം ഇന്ത്യാക്കാരിലുളവാക്കിയ മഹാത്മാ ഗാന്ധി — ഇന്ത്യയുടെ രാഷ്ട്രപിതാവു്.



മാഷ്ൽപ്ലാൻപദ്ധതിപ്രകാരം സ്വീഡൻ, അമേരിക്ക എന്നീ രാജ്യങ്ങളുടെ സഹായത്താൽ നവീകരിക്കപ്പെട്ട ഫ്രഞ്ച് പട്ടണം, ഓണി–സൂർ–ഓഡൻ. രണ്ടാം ലോകമഹായുദ്ധകാലത്ത് ഈ പട്ടണം ജർമ്മൻകാർ നിലംപരിശാക്കുകയുണ്ടായി.

## അന്താരാഷ്ട്രസഹകരണം

പട്ടിണി, ദുരിതങ്ങൾ, സാമ്പത്തിക തകർച്ച, ജീവിതത്തെപ്പററിയുള്ള ഒരു പരാജയബോധം എന്നിവ ഏതൊരു യുദ്ധത്തിൻെറയും കെടുതികളിൽ പ്രധാനപ്പെട്ടവയാണ്. ചരിത്രത്തിലെ ഏററവും സംഹാരാത്മകമായ യുദ്ധം 1945-ൽ അവസാനിച്ചപ്പോൾ ഈ പ്രശ്നങ്ങൾ വളരെ ഗുരുതരങ്ങളാവുകയാണുണ്ടായത്.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വതന്ത്രരാഷ്ട്രങ്ങൾ ശ്രമം തുടങ്ങി. ഐക്യരാഷ്ട്രസമിതിയുടെ കീഴിലുള്ള ദുരിതാശ്വാസപുനരധിവാസ ഏജൻസിക്കും അന്താരാഷ്ട്ര അഭയാർത്ഥിസംഘടനയ്ക്കും വളരെയധികം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്, ഈ വിഷയത്തിൽ. ഏഷ്യയുടെ ഏററവും ഗുരുതരമായ സാമ്പത്തിക സാമൂഹ്യപ്രശ്നങ്ങൾക്ക് പററിയ ഒരു ഉത്തരമായിരുന്നു കൊളമ്പോപദ്ധതി. യുദ്ധത്തിൻെറ ഭീകരതകളിൽ കിടന്നു നട്ടം തിരിഞ്ഞു പാപ്പരായ മനുഷ്യർ, ഭക്ഷണം വാഗ്ദാനം ചെയ്യുന്ന ഭരണകൂടമേതാണെങ്കിലും അതിനെ സ്വാഗതം ചെയ്യുക സ്വാഭാവികമാണ്.


അമേരിക്കയെക്കൊണ്ടു കഴിവതു ചെയ്യാമെന്നു പറഞ്ഞ് അന്നത്തെ സ്റേററ് സെക്രട്ടറി ജോർജ്ജ് മാർഷൽ രംഗത്തുവന്നു. "മാർഷൽപ്ലാൻ" അനുസരിച്ച് 1200 കോടി ഡോളർ അമേരിക്ക വാഗ്ദാനം ചെയ്തു. യൂറോപ്പിലെ മററു രാഷ്ട്രങ്ങളെല്ലാം കൂടെ 900 കോടി ഡോളർ പിരിച്ചെടുത്തു. രണ്ടാം ലോകമഹായുദ്ധത്തിൻെറ ദുരന്തദുരിതങ്ങളിൽ നിന്നും, ഒരു പുതിയ യൂറോപ്പിനെ ഉയർത്തിയെടുക്കാനവർക്ക് കഴിഞ്ഞു. യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഭക്ഷ്യോല്പാദനം 10 ശതമാനം വർദ്ധിച്ചു. ഉരുക്കുല്പാദനം ഇരട്ടിയായി. എണ്ണയുടെ ഉല്പാദനം നാലിരട്ടിയായി. മററെല്ലാ മേഖലകളിലും കാര്യമായ വർദ്ധനവുണ്ടായി.

സഹായം ചോദിക്കുന്ന രാഷ്ട്രങ്ങൾക്ക് സാമ്പത്തിക-സാമൂഹ്യമണ്ഡലങ്ങളിൽ സഹായം നല്കുന്നതിന് 1950-ൽ അമേരിക്കാ യു. എസ്. ടെക്നിക്കൽ കോ-ഓപ്പറേഷൻ മിഷ്യൻ രൂപീകരിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ 55 ഗവണ്മെൻറുകൾ അന്യോന്യം സഹകരിച്ചു മുന്നേറുന്നുണ്ട്.

കാലക്രമേണ, ഭൂമിക്കും തൊഴിലിനും ഏററവും കുറഞ്ഞ ജീവിതസൗകര്യങ്ങൾക്കും വേണ്ടിയുള്ള മനുഷ്യൻെറ അവകാശങ്ങൾ അംഗീകൃതങ്ങളായി. സമാധാനപരമായ സഹകരണത്തിലൂടെ ഈ മണ്ഡലങ്ങളിൽ കാര്യമായ പുരോഗതിയുണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്. സർവ്വരാജ്യസംഘടനാപട്ടയത്തിൽനിന്ന് ഐക്യരാഷ്ട്രസംഘടനാചാർട്ടറിനുള്ള മൗലികമായ വ്യത്യാസം ഇതാണ്. യു. എൻ. ചാർട്ടർ മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്നു. "മനുഷ്യൻെറ മൗലികാവകാശങ്ങളിലും മനുഷ്യവ്യക്തിയുടെ അന്തസ്സിലും വിലയിലും, സ്ത്രീയുടേയും പുരുഷൻേറയും അവകാശതുല്യതയിലും" വിശ്വാസം പ്രഖ്യാപിക്കുന്നതാണ് ആ ചാർട്ടറിലെ വ്യവസ്ഥ.


1948 ഡിസംബർ 10-ാംനു- ജനറൽ അസംബ്ലി 'സാർവ്വലൗകിക മനുഷ്യാവകാശപ്രഖ്യാപനം' അംഗീകരിച്ചു. ചരിത്രത്തിലാദ്യമായി ലോകജനസംഖ്യയിൽ ഭൂരിപക്ഷത്തേയും പ്രതിനിധീകരിക്കുന്ന 48 ഗവണ്മെൻറുകൾ മനുഷ്യാവകാശങ്ങളുടേയും മൗലികസ്വാതന്ത്ര്യങ്ങ


മാർഷൽപ്ലാൻപദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തികസഹായം — ഒരു സ്പാനിഷ് തുറമുഖത്ത് കൽക്കരി ഇറക്കുമതിചെയ്യുന്നു.



ളുടേയും അടിസ്ഥാനാശയത്തിൽ ഒരു യോജിപ്പിലെത്തി. ഈ പ്രഖ്യാപനത്തിൽ പങ്കുകൊള്ളാതിരുന്നതു് സോവ്യറ്റ്റഷ്യയും അതിന്റെ ഉപഗ്രഹരാജ്യങ്ങളുമായിരുന്നു. ദുർഭരണത്തിനും മർദ്ദനത്തിനും എതിരായുള്ള മനുഷ്യകുലത്തിന്റെ ഏറ്റവും വാചാലമായ ഒരു പ്രകടനമാണു് ഈ മനുഷ്യാവകാശപ്രഖ്യാപനം. അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വർഗ്ഗ-വർണ്ണ-ലിംഗ-മത-ഭാഷാഭേദം കൂടാതെ ഏതു മനുഷ്യനും, ഏതു രാഷ്ട്രീയാഭിപ്രായക്കാരനും, ഏതു ദേശക്കാരനും, ഏതു സമൂഹക്കാരനുമുള്ളവയാണെന്നു് ഈ പ്രഖ്യാപനം അച്ചാരം ചെയ്യുന്നു. "എല്ലാവരും സ്വതന്ത്രരായും തുല്യപദവികളോടും അവകാശങ്ങളോടും കൂടിയാണു് ജനിക്കുന്നതെ"ന്നും എല്ലാവർക്കും ആരാധനാ-അഭിപ്രായപ്രകടന-ചിന്താസ്വാതന്ത്ര്യങ്ങളുണ്ടെന്നും നിയമത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണെന്നും, ഈ പ്രഖ്യാപനം അനുശാസിക്കുന്നു.

ഈ പ്രഖ്യാപനത്തിനു് നിയമപ്രാബല്യമില്ലെന്നിരിക്കിലും, ദേശീയവും അന്തർദ്ദേശീയവുമായ തീരുമാനങ്ങളിൽ വളരെ കാര്യമായ സ്വാധീനം ചെലുത്തുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ടു്. തങ്ങളുടെ വിധിന്യായങ്ങൾക്കു് ആധാരമായി ജഡ്ജിമാർ ഇതിന്റെ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. ഇന്തോനേഷ്യ, സിറിയാ, ഇസ്രയേൽ, ഇന്ത്യ, ലിബിയാ തുടങ്ങിയ രാഷ്ട്രങ്ങളുടെ ഭരണഘടനകളിലും ഈ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെ വിരലടയാളങ്ങൾ പതിഞ്ഞട്ടുണ്ടു്. "ഓരോ മനുഷ്യനും അന്യാധീനപ്പെടുത്താനാവാത്ത ചില അവകാശങ്ങൾ ദേശീയവും അന്തർദ്ദേശീയവുമായ നിയമങ്ങൾകൊണ്ടു് ഭദ്രമാക്കപ്പെടണമെന്നു് ലോകപൗരന്മാർ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു.






## 4 ജനാധിപത്യം പ്രയോഗത്തിൽ

ജനാധിപത്യത്തെ വിഡ്ഢിത്തമായും അർത്ഥമില്ലായ്മയായും ചിത്രീകരിച്ച മുസോലിനി പറഞ്ഞു, 'ഞാൻ പ്രവർത്തിക്കുന്ന ഒരു മനുഷ്യനാണ്'' എന്ന്. സ്വേച്ഛാധിപത്യത്തിൽ പ്രവർത്തനവും പുരോഗതിയുമില്ലെന്ന് ആരും പറയുകയില്ല. ഫറവോരാജാവിന് തന്റെ പ്രജകളുടെ മേലുള്ള ആധിപത്യമല്ലായിരുന്നെങ്കിൽ ഈജിപ്റ്റിലെ പിരമിഡുകൾ നിർമ്മിക്കപ്പെട്ടുമായിരുന്നോ എന്ന് സംശയിക്കണം. എന്നാൽ അവ നിർമ്മിക്കുന്നതിന് അഹോരാത്രം പണിയെടുത്ത അടിമകൾ സ്വതന്ത്രരും, അവരുടെ കഴിവുകൾ ഉപകാരപ്രദമായ വല്ല കാര്യത്തിനും വിനിയോഗിക്കാൻ സാധിക്കുന്നവരുമായിരുന്നെങ്കിൽ പിരമിഡുകളേക്കാൾ മഹത്തരങ്ങളായ പലതും നേടാൻ അവർക്ക് കഴിഞ്ഞേനെ.

ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നുവെന്നതാണ് ഒരു സ്വേച്ഛാധിപതിയുടെ മതം. ജനാധിപത്യം സ്വേച്ഛാധിപത്യത്തിനെതിരാണ്. ജനാധിപത്യത്തോട് ഒട്ടും ബഹുമാനമില്ലാത്ത മുസോലിനിമാർ ചരിത്രത്തിലുണ്ടായിട്ടുണ്ട്. സമന്മാരല്ലാത്തവർക്ക് തുല്യത പ്രദാനം ചെയ്യുന്ന ഒരു മാതിരി കുത്തഴിഞ്ഞ രീതിയാണ് ജനാധിപത്യമെന്ന് കരുതിയവരുമുണ്ട്. അത് ഒരു ജനക്കൂട്ടത്തിന്റെ ഭരണമല്ല; ഒരു വ്യക്തിയുടെ ഭരണവുമല്ല. ഒരു മധ്യമാർഗ്ഗമാണത്; ഉത്തരവാദിത്വം എല്ലാവരും തുല്യമായി വീതിച്ചെടുക്കുന്ന ഒരു മധ്യവർത്തിയുടെ ഭരണം.

1885-ൽ അമേരിക്കൻപ്രസിഡണ്ടായിരുന്ന ഗ്രോവർ ക്ലീവ്‌ലണ്ട് പറഞ്ഞു: "സത്യപ്രതിജ്ഞ ചെയ്ത് ഭരണഭാരമേറ്റെടുക്കുന്ന ഒരു വ്യക്തി, ഏതു



ലോകത്തിൻേറതായ സർവ്വസുഖസൗകര്യങ്ങളും ഭൗതികപ്രതാപങ്ങളും വലിച്ചെറിഞ്ഞു് ആഫ്രിക്കൻവനാന്തരങ്ങളിലേയ്ക്കു് സഹജീവികളെ തേടിപ്പുറപ്പെട്ട, തത്വചിന്തകനും ഹൃദയാലുവുമായ ആൽബർട്ട് ഷ്വൈററ്സർ.



ഡോ. ഷ്വൈററ്സറിൻെറ ആതുരലായത്തിലെ 'കോച്ച്' എന്ന് ഒരു നേഴ്സ് ശുശ്രൂഷ പരിചരണം നടത്തുന്നു.


രാജ്യസ്നേഹിയും ചെയ്യേണ്ട ഒരു കൃത്യം ചെയ്യുന്നു എന്നേയുള്ളു; പാടത്തും, തൊഴിൽശാലയിലും, വിപണികളിലും പണിയെടുക്കുന്ന ഓരോ പൗരനും ആ വ്യക്തിയോട് സഹകരിക്കേണ്ടതുണ്ട്. അവൻ ഭരിക്കുന്ന ഗവമ്മെൻറ് അവരുടേതാണ്; അവർ നല്കുന്ന വോട്ടിൻെറ അടിസ്ഥാനത്തിലാണ് അവൻ ഭരിക്കുന്നതു്. പൗരന്മാരുടെ അഭിപ്രായാനുസരണമാണ് അവൻ ഭരണാധിപനായിരിക്കുന്നതു്."

ജനാധിപത്യം എങ്ങനെ പ്രവത്തിക്കുന്നു? എന്താണതു ചെയ്യുന്നതു്? നീണ്ട യാത്ര ഒരൊററ പദം വയ്ക്കുലുകൊണ്ടാരംഭിക്കുന്നതുപോലെ ഡെമോക്രസി പ്രവത്തിക്കുന്നതും വ്യക്തിയിൽനിന്നാണ്.

സേവനത്തിനുവേണ്ടി ജീവാപ്പ്ണം ചെയ്ത വളരെയധികം പേരുടെ പ്രതീകമാണ് ആ വ്യക്തി. സ്ഥാനമാനങ്ങളും ഭൗതികമായ ഉന്നതിയും വലിച്ചെറിഞ്ഞു് ആഫ്രിക്കൻ വനാന്തരങ്ങളിലേയ്ക്കു് ഒരു മെഡിക്കൽമിഷ്യനറിയായിപ്പോയ ആൽബർട്ട് ഷ്വൈയ്ററ്സറിൻെറ കഥ നമുക്കറിയാം. ഒരു തത്വചിന്തകനും പ്രൊഫസറുമായിരുന്ന ഷ്വൈററ്സർ, ആ ജോലികളെല്ലാം എട്ടു വഷം മുമ്പുതന്നെ ഉപേക്ഷിച്ചിരുന്നു. ആതുരസംരക്ഷണത്തിനും ദുരിതനിവാരണത്തിനും നാമെല്ലാവരും നമുക്കു ചെയ്യാവുന്നതു ചെയ്യണമെന്നദ്ദേഹം പറഞ്ഞു. ആഫ്രിക്കയിലെ ഏകാന്തഭീകരമായ ലാമ്പരീൻ വനദുഗ്ഗത്തിൽ അദ്ദേഹം ഒരു

ആശുപത്രി ആരംഭിച്ചു.

സുഹൃത്തുക്കളുടേയും മററുദാരമതികളുടേയും കൈതുറന്ന സംഭാവനകളും ഷ്വൈററ്സർ എഴുതിയ പുസ്തകങ്ങളുടെ റോയൽററി ഇനത്തിലുള്ള വരുമാനവുമായിരുന്നു ആശുപത്രിയുടെ ധനാഗമമാർഗ്ഗം. ഡോ. ഷ്വൈററ്സറിനോടൊപ്പം മൂന്നു ഡോക്ടറന്മാരും 10 നേഴ്സുകളും പണിയെടുത്തു. 1952-ൽ അദ്ദേഹം നോബൽ സമ്മാനാർഹനായി. സമ്മാനത്തുകയായ 33840 ഡോളർ ആശുപത്രിക്കെട്ടിടത്തിൻെറ നിർമ്മാണത്തിനുപയോഗിക്കുകയാണു് അദ്ദേഹം ചെയ്തതു്.



കുടലിൽ വ്രണമുള്ള ഒരു രോഗിക്കു് ശസ്ത്രക്രിയയ്ക്കു ശേഷം രക്തദാനം ചെയ്യുന്നു.

## തിരഞ്ഞെടുപ്പുപ്രചരണങ്ങൾ

നാലുകൊല്ലത്തിലൊരിക്കൽ തിരഞ്ഞെടുപ്പു നടക്കുന്ന ഒരു രാജ്യമാണു് ഫിലിപ്പൈൻസു്. പ്രസിഡണ്ടുപദത്തിനു് രണ്ടു പ്രധാനപ്പെട്ട പാർട്ടികൾ സ്ഥാനാർത്ഥികളെ നിറുത്തുന്നു; വിജയി അടുത്ത തിരഞ്ഞെടുപ്പുവരെ ഭരിക്കുകയും ചെയ്യുന്നു.

ഫ്രഞ്ചുകാരുടെ ബഹുകക്ഷി പാർലിമെൻററി ഭരണരീതി മററു രാജ്യക്കാർക്കു് ഒരു വിസ്മയമാണു്. തന്മൂലം, മാസംതോ



ഒരു രാഷ്ട്രീയപ്രവർത്തകന്റെ മൈതാനപ്രസംഗം ശ്രവിക്കുന്ന ശ്രോതാക്കളിലെ ഒരു വിഭാഗം — തിരഞ്ഞെടുപ്പ് ആസന്നമായി.

റമെന്നതുപോലെ അവിടെ ഗവമ്മെൻറുകൾ മാറുന്നു. കാരണം, "ഈക്കിലിപ്പാർട്ടികൾ" തമ്മിലുള്ള അഭിപ്രായാന്തരങ്ങൾ പറഞ്ഞൊതുക്കാൻ വയ്യാത്തവയാണ്. എന്നാൽ കക്ഷിബാഹുല്യമാണ് ഫ്രഞ്ചുകാരുടെ ജനാധിപത്യപ്രവർത്തനത്തിന്റെ കാതൽ. ഡെമോക്രാററിക്ക് ഭരണക്രമത്തിന്റെ രണ്ടു് അററത്തുനില്ക്കുന്നു, ഫിലിപ്പൈൻസും ഫ്രാൻസും. അധികാരത്തിലിരിക്കുന്ന ഗവമ്മെൻറുമായി അഭിപ്രായഭിന്നത പ്രകടിപ്പിക്കാനുള്ള വ്യക്തിയുടെ അവകാശത്തെ ഇരുഗവമ്മെൻറുകളും മാനിക്കുന്നു. രണ്ടിടത്തും ഭൂരിപക്ഷത്തിനുള്ള തുല്യാവകാശങ്ങൾ ജനപക്ഷത്തിനുമുണ്ടു്. എല്ലാവരും നിയമംകൊണ്ടു് സുരക്ഷിതരാണ്. "കൂടെക്കൂടെയുള്ള തിരഞ്ഞെടുപ്പുകൾ ജനാധിപത്യഗവമ്മെൻറിനത്യാവശ്യമാണ്; എന്തുകൊണ്ടെന്നാൽ ഒരു പൗരനിൽ അധികാരം ദീർഘനാൾ വച്ചുകൊണ്ടിരിക്കുന്നതിൽ പരം അപകടകരമായ ഒന്നില്ല" എന്ന ബൊളീവറിന്റെ അഭിപ്രായം രണ്ടു രാജ്യങ്ങളിലേയും ജനങ്ങൾ ആദരിക്കുന്നു.

1951-ലെ ഫ്രഞ്ച്തിരഞ്ഞെടുപ്പിൽ പ്രധാനമായും മൂന്നു പാർട്ടികളാണ് മത്സരിച്ചതു്— ഇടതുപക്ഷാശയങ്ങളും, വലതുപക്ഷാശയങ്ങളും രണ്ടു പക്ഷങ്ങളിലേയ്ക്കും ചാച്ചിലില്ലാത്ത ഒരു കേന്ദ്ര പാർട്ടിയും തമ്മിലുള്ള മത്സരം. സ്ഥാനാർത്ഥികൾ വീടുകൾ കയറി ആളുപിടുത്തം തുടങ്ങി. തങ്ങളുടെ അഭിപ്രായങ്ങൾ അവർ റേഡിയോ, പത്രം, മാസിക, ലഘുലേഖ, വാൾപോസ്റ്ററുകൾ എന്നീ ഉപാധികൾ വഴി ജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. വഴിവക്കുകളിലും നാൽക്കവലകളിലും, ഹോട്ടലുകളിലും കടകളിലും, വാഹനങ്ങളിലും വച്ച് സ്ഥാനാർത്ഥികളും അവരുടെ ആൾക്കാരും പിൻബലം തേടിത്തുടങ്ങി.

ആർക്കാണു വോട്ടുചെയ്യേണ്ടതെന്ന് വളരെപ്പേരും നേരത്തേതന്നെ തീരുമാനിച്ചിരുന്നു. എങ്കിലും തീരുമാനമെടുക്കാത്തവരുടെ മനസ്സ് മറിക്കുന്നതിനുവേണ്ടിയുള്ള പ്രചരണങ്ങൾ കൊണ്ടുപിടിച്ചു. അവസാനം തിരഞ്ഞെടുപ്പു നടന്നു; ഒരു പാർട്ടിക്കും 'ജയ'മുണ്ടായില്ല. ഏററവും കൂടുതൽ വോട്ട് ഡിഗോളിന്റെ വലതുപക്ഷപ്പാർട്ടിക്കാണു കിട്ടിയതു്. അതിന്റെ പിറകേ, സോഷ്യലിസ്ററുകൾ, കമ്മ്യൂണിസ്ററുകൾ, പോപ്പുലർ റിപ്പബ്ലിക്കൻസ്, റാഡിക്കൽ സോഷ്യലിസ്ററുകൾ, ഇൻഡിപ്പെൻഡൻറ് റിപ്പബ്ലിക്കൻസ് എന്നിവരും നിരന്നു. കേവലം ഭൂരിപക്ഷമില്ലെങ്കിൽപ്പിന്നെ കൂട്ടുപിടുത്തമാണ് നടക്കുക.


വോട്ടു ചെയ്യുന്നതിനോടുകൂടി പൗരന്റെ കടമയും ഉത്തരവാദിത്വവും തീരുന്നില്ല. തന്റെ സ്ഥാനാർത്ഥി ജയിച്ചാലും ഇല്ലെങ്കിലും, ഗവമ്മെൻറിന്റെ പ്രവർത്തനത്തിൽ അവൻ ദത്തശ്രദ്ധനാകേണ്ടിയിരിക്കുന്നു. ഗവമ്മെൻറിനെ വിമർശിക്കയും ഉപദേശിക്കയും ചെയ്യുക, അവന്റെ അവകാശം മാത്രമല്ല കടമ കൂടെയാണ്. എന്തുമാത്രം ബുദ്ധിപൂർവ്വം അവനിതു ചെയ്യുന്നോ അത്ര നന്നായിരിക്കും അവിടത്തെ ഭരണം.

ഫ്രഞ്ചുതിരഞ്ഞെടുപ്പിലെ മൂന്നു സ്ഥാനാർത്ഥികൾ— ജാക്വസ് ഡൂക്ലോസ് (കമ്മ്യൂ), എഡ്വാർഡ് ഹെറിയട്ട് (സോഷ്യലിസ്റ്റ്), ജനറൽ ചാൾസ് ഡിഗോൾ (ആർ. പി. എഫ്). മൂന്നുപേരും വോട്ടർമാരെ സമീപിക്കയാണ്.




തിരഞ്ഞെടുപ്പിനു മുമ്പുള്ള
വാൾപോസ്റ്റർസമരം



ഘോരമാരിയേയും അവഗണിച്ച് ഡിഗോളിന്റെ പ്രസംഗം കേൾക്കുകയാണിവർ.



നീതിന്യായാസനം—ഒരു പ്രതിക്കു ജൂറിയുടെ മുമ്പിൽചെന്ന് തന്റെ നിരപരാധിത്വം തെളിയിക്കാം.

## ജൂറി മുഖാന്തിരമുള്ള വിസ്താരം

നിയമലംഘനം നടത്തി എന്ന് തെറ്റായോ ശരിയായോ ഉണ്ടായ ആരോപണങ്ങളുടെ വെളിച്ചത്തിൽ ആളുകൾ കോടതികളിൽ വിസ്തരിക്കപ്പെടുന്നതായി നാം ദിവസേന കാണുന്നു. സ്വതന്ത്രലോകത്തിലെ കോടതിമുറികളിൽ നടക്കുന്ന കുററവിസ്താരങ്ങളുടെ ആരംഭം 1215-ാം വർഷമാണ്. പ്രതിസ്ഥാനത്തു നില്ക്കുന്നവന് കോടതിമുമ്പാകെ വിസ്തരിക്കപ്പെടാനർഹതയുണ്ടെന്ന് 1215-ൽ ഒപ്പുവയ്ക്കപ്പെട്ട മാഗ്നാകാർട്ടാ അനുശാസിക്കുന്നുണ്ട്.

മോഷണക്കുററമാണ് ഒരാളിൽ ആരോപിക്കപ്പെട്ടതെന്നിരിക്കട്ടെ. കുററം നടന്നു എന്ന് തെളിയിക്കേണ്ടത് പ്രോസിക്യൂഷന്റെ കടമയാണ്. മോഷണം നടന്നു എന്നതിനാധാരമായി സാക്ഷികൾ മുഖേനയും മററും വളരെയധികം തെളിവുകൾ പ്രോസിക്യൂഷൻ ഹാജരാക്കുന്നു. മോഷണം നടന്ന വീടിന്റെ ഉടമസ്ഥൻ, മോഷണം നടന്ന ഉടനെ മോഷ്ടാവ് ആ വീടുവിട്ടിറങ്ങിപ്പോകുന്നതാ

യിക്കണ്ട അയൽക്കാരൻ തുടങ്ങി എത്രയെത്ര സാക്ഷികളെയാണെന്നോ പ്രോസിക്യൂഷൻ ഹാജരാക്കുന്നതു്.

പിന്നീടു് പ്രതി കുററം നിഷേധിക്കുന്നു. കുററം നടന്ന അവസരത്തിൽ താൻ സ്ഥലത്തില്ലായിരുന്നു എന്നതിനു തെളിവായി അയാൾ സാക്ഷികളെ കൊണ്ടുവരുന്നു.

തെളിവുകളെല്ലാം കിട്ടിക്കഴിഞ്ഞു്, പ്രതി കുററം ചെയ്തോ ഇല്ലയോ എന്നു തീരുമാനിക്കേണ്ടതു് ജൂറിയാണു്. രഹസ്യമായിരുന്നു് അവർ പര്യാലോചിക്കുന്നു. അതിനുശേഷം അവർ കോടതിമുറിയിൽ വന്നു് വിധിന്യായം പ്രഖ്യാപിക്കുന്നു.

അപ്പീലില്ലെങ്കിൽ ഈ വിധി അവസാനത്തേതാണു്. കീഴ്ക്കോടതികളിലെ വിധി ഹൈക്കോടതി ചിലപ്പോൾ ശരിവയ്ക്കുന്നു; ചിലപ്പോൾ അസ്ഥിരപ്പെടുത്തുകയും ചെയ്യും.

മററു പല ഡെമോക്രാററിക്'രീതികളിലുമെന്നതുപോലെ, ജൂറിമൂലമുള്ള വിസ്താരത്തിലും ചില കടമകളുണ്ടു്; ചില അവകാശങ്ങളുമുണ്ടു്. ഒരു പൗരൻ കുററം ചെയ്തു എന്നു് ആരോപണമുണ്ടായാൽ, ജൂറിമുമ്പാകെ വിസ്തരിക്കപ്പെടുന്നതിനു് അയാൾക്കു് അവകാശമുണ്ടു്. ആ കേസിൽ ജൂറിമാരായി പ്രവർത്തിക്കുന്നതിനു് മററു പൗരന്മാർക്കു കടമയുമുണ്ടു്. പ്രായപൂർത്തിവന്ന ഏതൊരാളും ജൂറിമാരായി ക്ഷണിക്കപ്പെടാം. തുച്ഛമായ പ്രതിഫലമേ അവർക്കു കിട്ടുകയുള്ളു. ആ സമയം കൊണ്ടു മററു മാർഗ്ഗങ്ങളിൽ അയാൾക്കു് കൂടുതൽ പണം സമ്പാദിക്കാമായിരിക്കാം. എന്നിരുന്നാലും, ജൂറിയായി പ്രവർത്തിക്കുക എന്നതു് ഒരു പൗരന്റെ ധാർമ്മികമായ കടമയാണു്, ജനാധിപത്യരാഷ്ട്രങ്ങളിൽ.

ക്ലിഫ്ടൻ ബവേഴ്സ് എന്ന ഒരാൾ ഒരു ഭവനഭേദനക്കേസിൽ കുടുങ്ങുകയുണ്ടായി. പന്ത്രണ്ടു പേരുൾപ്പെട്ട ഒരു ജൂറിയുടെ മുമ്പിലാണു് കേസുവിസ്താരം. പ്രതിയേയും, ജൂറിയിലെ അംഗങ്ങളേയും ഇതുമുതലുള്ള ചിത്രങ്ങളിൽ കാണാം. ഭവനഭേദനവും മോഷണവും നടന്ന സമയത്തു് താൻ മറെറാരു സ്ഥലത്തായിരുന്നുവെന്നും താൻ നിരപരാധിയാണെന്നുമാണു് ക്ലിഫ്ടൻ ബവേഴ്സിന്റെ വാദം. അയാൾ ഒരു തഴമ്പിച്ച മോഷ്ടാവാണെന്നു കാണിക്കുന്ന പൂർവ്വചരിത്രം ധാരാളമുണ്ടെങ്കിലും, പുതിയ കേസ് അതിനേർറതായ പുതിയ തെളിവുകൾ വെച്ചുമാത്രമേ വിധിക്കാൻ പാടുള്ളു. കേസിനു വിഷയമായ ഭവനഭേദനവും മോഷണവും നടത്തി, ക്ലിഫ്ടൻ ബവേഴ്സ് സംഭവസ്ഥലത്തുനിന്നു് കടന്നുപോകുന്നതു് നേരിട്ടുകണ്ട ഒരു സ്ത്രീയു



ണ്ടു്. സുഖമില്ലാതെ കിടപ്പായതിനാൽ അവർ തൻെറ സാക്ഷിമൊഴി കോടതിയിലേയ്ക്കു് എഴുതി അയച്ചിരിക്കയാണു്. പ്രോസിക്യൂഷൻ ഭാഗത്തുനിന്നു് ആ സാക്ഷിമൊഴി ജൂറിയുടെ മുമ്പിൽ വായിച്ചു. പക്ഷേ, ഒരു കേസിലെ പ്രതിക്കു് തൻെറ എതിർസാക്ഷിയെ അഭിമുഖമായി കാണ്മാനും ചോദ്യംചെയ്യാനുമുള്ള അവകാശമുണ്ടെന്നും, കോടതിയിൽ ഹാജരാകാത്ത സാക്ഷിയുടെ മൊഴി സ്വീകാര്യമല്ലെന്നും പ്രതിഭാഗം വക്കീൽ വാദിച്ചു; ആ വാദം ശരിയാണെന്നും, സാക്ഷി എഴുതി അയച്ച തെളിവു സ്വീകാര്യമല്ലെന്നും ജൂറിയുടെ അദ്ധ്യക്ഷനായ ജഡ്ജ്ജ് റാബ്ബ് തീർപ്പു കല്പിക്കുകയും ചെയ്തു. ഒരു ജനാധിപത്യരാജ്യത്തു് എത്ര നിഷ്കൃഷ്ടമായ രീതിയിലാണു് നീതിന്യായവിചാരണ നടത്തപ്പെടുന്നതെന്നു് ഇത്രയും പറഞ്ഞതിൽനിന്നുതന്നെ വ്യക്തമായല്ലോ. മററു ജോലികളുള്ള എത്രയെത്ര സ്വകാര്യവ്യക്തികളാണെന്നോ, ഒരു കേസിൻെറ സത്യം കണ്ടുപിടിച്ചു് നീതിയായ ഒരു വിധി നല്കുവാനായി ബുദ്ധിമുട്ടേണ്ടിവരുന്നതു്? ക്ലിഫ്ടൻ ബവേഴ്സിൻെറ കേസുവിസ്താരം അഞ്ചുദിവസം ദീർഘിച്ചു. ഈ അഞ്ചുദിവസവും ജൂറിയിലെ അംഗങ്ങൾക്കു പിടിപ്പതു പണിയുണ്ടായിരുന്നെന്നു പറയേണ്ടല്ലോ. വിസ്താരം കഴിഞ്ഞതുകൊണ്ടും അവരുടെ ജോലി അവസാനിച്ചുവോ? ഇല്ല. കിട്ടിയ തെളിവുകൾ അതിസൂക്ഷ്മമായി വിശകലനംചെയ്തും സംഭവത്തിൻെറ സർവ്വവശങ്ങളും വീണ്ടും വീണ്ടും പരിശോധിച്ചും വേണം വിധിയെഴുതുവാൻ. ജനാധിപത്യരാജ്യത്തല്ല, ഒരു സ്വേച്ഛാധിപത്യരാജ്യത്താണു് ക്ലിഫ്ടൻ ബവേഴ്സ് ഭവനഭേദനവും മോഷണവും നടത്തിയതെന്നു് വിചാരിക്കുക— അവിടത്തെ കേസു വിചാരണയുടേയും വിധിയുടേയും രീതി എന്തായിരിക്കുമെന്നു ചിന്തിച്ചാൽ, ജനാധിപത്യഭരണക്രമവും സ്വേച്ഛാധിപത്യഭരണക്രമവും തമ്മിലുള്ള അന്തരം നമുക്കു മനസ്സിലാകും. ക്ലിഫ്ടൻ ബവേഴ്സിന്റെ കേസു വിസ്തരിച്ച ജൂറിയിലെ വിവിധതരക്കാരായ അംഗങ്ങളുടെ ചിത്രങ്ങളാണു് ഈ പുറങ്ങളിൽ ചേർത്തിരിക്കുന്നതു്.



ബ്രൂസ് ക്രാക്രാഫ്ററ് — ഒരു നിയമവിദ്യാർത്ഥി.



മേരീ ഡെൽ — ഒരു ഔഷധവ്യാപാരശാലയിലെ ജീവനക്കാരൻെറ ഭാര്യ.



മോണാ റോബർട്ട്സൺ — ഭർത്താവ് ഒരു ബാർബറാണു്.



ഹേസൽ ഗ്രിൻഡിൽ-ഭർത്താവ്
ഒരു പബ്ലിസിററി ഏജൻസി
യിലെ ഉദ്യോഗസ്ഥനാണ്.



വിൽബർട്ട് സ്റ്റീൻകാമ്പ്
—ഒരു സാധു കർഷകൻ.



വെയിൻ ലോട്ട്—ഒരു പവർ
കമ്പനിയിലെ ലൈൻമാനാണ്.



ഐറിൻ ആൻഡേഴ്സൺ—ഭർത്താ
വ് ഒരു മരുന്നുവ്യാപാരിയാണ്.



ഹാരിയററ് വാർഫെൽ—
ഒരു ഡോക്ടറിന്റെ ഭാര്യ.



ഫ്ലോയിഡ് ഹോമെൽ—ഒരു ഷി
പ്പിംഗ് കമ്പനിയിലെ ക്ലാക്കാണ്.



ഹാരോൾഡ് ജാൻ-ഒരു റബ്ബർ
ഫാക്ടറിയിലെ ഫോർമാൻ.



ഐറിൻ ഫ്ലീഹേജ്—ഒരു
ബാങ്ക് കാഷ്യറുടെ ഭാര്യ.




റൂബി ഹോഗൻ—ഭർത്താവ് ഒ
രു കലാകാരനാണ്.



"ജനങ്ങളെവിടെയാണോ, അവിടെ, അവരോടൊത്തു് പ്രവർത്തിക്കുക; അവരെ സഹായിക്കുക; സ്വാശ്രയശീലം പഠിപ്പിക്കുക" എന്നതാണു് ജനാധിപത്യനടപടി. ഈ അടിസ്ഥാനത്തിലാണു് ഇന്ത്യയുടെ പഞ്ചവത്സരപദ്ധതികളാരംഭിച്ചതു്. ലക്ഷക്കണക്കിനു് ഏക്കർ ഭൂമി ഇന്ത്യയിൽ കൃഷിക്കുപയുക്തമാക്കിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയുടെ വികസനപരിപാടികളിലെ ഒരു പ്രധാനഘടകമാണ് പരിശീലനം ലഭിച്ച ജോലിക്കാരൻ. അയൽക്കാർക്ക് അനാളുടെ സഹായം വളരെനാണ്.



# ജീവിതം തുടിക്കുന്ന ഗ്രാമങ്ങൾ

ആധുനിക മനുഷ്യനെ നിരവധി പ്രശ്നങ്ങൾ അലട്ടുന്നുണ്ട്. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തവിധം മനുഷ്യൻ അവൻെറ സർഗ്ഗശക്തികൾ അങ്ങേയററം പ്രയോഗിക്കേണ്ടിയിരിക്കുന്നു, ഈ പ്രശ്നങ്ങൾ കുറെയെങ്കിലും പരിഹരിച്ചു കിട്ടുന്നതിനു്.

1947-ൽ ഇന്ത്യ സ്വതന്ത്ര്യയായപ്പോൾ വമ്പിച്ച പ്രശ്നങ്ങളായിരുന്നു ആ പുതിയ റിപ്പബ്ലിക്കിനെ അഭിമുഖീകരിച്ചിരുന്നതു്. 36 കോടി ജനങ്ങൾ, ഭൂരിപക്ഷവും പട്ടിണിക്കാർ, 80 ശതമാനം വിദ്യാവിഹീനർ— ഇവരെ മുഴുവൻ തീററിപ്പോററാൻ ഇന്ത്യ അശക്തയായിരുന്നു. ജനസംഖ്യാവർദ്ധനവിനനുസൃതമായി ഭക്ഷ്യോല്പാദനം വർദ്ധിച്ചിരുന്നില്ല; കാരണം രണ്ടായിരം വർഷങ്ങളായി പഴയ രീതിയിലുള്ള കൃഷിസമ്പ്രദായങ്ങളാണ് ഇന്ത്യാക്കാർ സ്വീകരിച്ചുവന്നിരുന്നതു്.

"ഇന്ത്യാക്കാർക്കു് കൂടുതൽ ഭക്ഷണവും പാർപ്പിടവും വസ്ത്രവും ആരോഗ്യസംരക്ഷണവും നൽകുക എന്നുള്ളതാണ് ഞങ്ങളുടെ ഏററവുമടിയന്തിരമായ കർത്തവ്യ" മെന്നു് ശ്രീമതി വിജയലക്ഷ്മി പണ്ഡിററ് ഇന്ത്യാഗവമ്മെൻറിൻെറ ലക്ഷ്യം വിശദീകരിക്കവേ പ്രസ്താവിക്കുകയുണ്ടായി. "ഈ ലക്ഷ്യം മുൻനിറുത്തി ലക്ഷക്കണക്കിനു ഏക്കർ ഭൂമികൂടെ ഞങ്ങൾ കൃഷിയ്ക്കുപയുക്തമാക്കുന്നു; വമ്പിച്ച ജലസേചനപദ്ധതികൾ നിർമ്മിക്കുന്നു; മണ്ണൊലിപ്പുതടയുകയും ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ടു്."


എങ്ങനെയാണിതൊക്കെ നടന്നതു്? വിജയലക്ഷ്മിയുടെ തന്നെ വാക്കുകളിൽ, "ലോകം കണ്ടിട്ടുള്ളതിലേററവും വലിയ ജനാധിപത്യവിപ്ലവങ്ങളിലൊന്നാണ് ഇന്ത്യയിൽ നടന്നുവരുന്നതു്." ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമെന്ന നിലയിൽ ഭാരതത്തിൻെറ ആയിരക്കണ





ഇന്ത്യയിലെ കർഷകന് പുതിയതരം കലപ്പകൾ ലഭിച്ചുതുടങ്ങിയിരിക്കുന്നു. 2000 വർഷങ്ങൾക്കു ശേഷം ഗ്രാമങ്ങളിലെ ആലകളിൽ കൊല്ലന്മാർ പുതിയ കലപ്പകൾ ഉണ്ടാക്കിത്തുടങ്ങി.


പ്രാദേശികമായ വികസനപ്രവർത്തനങ്ങളെപ്പററി ഗ്രാമീണർ കൂടിയാലോചിക്കുന്നു.






ഒരുകാലത്ത് വെറും തരിശായിക്കിടന്നിരുന്ന മഹേവാ ഇപ്പോഴം ഗോതമ്പുവയലുകളായിത്തീർന്നിരിക്കുന്നു.

പരിശീലനകേന്ദ്രങ്ങളിൽ എല്ലാ തുറകളിലും പെട്ട യുവാക്കന്മാക്ക് പ്രവേശനമുണ്ട്.





മഹേവായിൽ ഗ്രാമീണർതന്നെ ഉണ്ടാക്കിയ ഒരു പള്ളിക്കൂടം.

ക്കിന് ഗ്രാമങ്ങളിൽ നിശ്ശബ്ദമായ ഒരു വിപ്ലവം തന്നെ നടന്നു. കുറഞ്ഞൊരു വർഷങ്ങൾക്കു മുമ്പ് മരുഭൂമികളായിരുന്ന സ്ഥലങ്ങൾ ഇന്ന് സസ്യശ്യാമളങ്ങളായി. അവിടത്തെ കൃഷിക്കാർ അർദ്ധനഗ്നരും അർദ്ധപട്ടിണിക്കാരുമായിരുന്നു.

ഗവമ്മെൻറിൻെറ കാഷികവികസന പദ്ധതിയിലെ ഉദ്യോഗസ്ഥന്മാർ ഗ്രാമങ്ങൾതോറും സഞ്ചരിച്ചു. ഗ്രാമീണരെ എന്തെങ്കിലും ചെയ്യുവാൻ നിർബ്ബന്ധിക്കുന്നതിലേറെ ഫലപ്രദം, അവക്കുവേണ്ട ജോലികളിൽ അവരെ സഹായിക്കുന്നതാണെന്ന് ഈ പ്രവത്തകക്കറിയാമായിരുന്നു. ഈ ഉദ്യോഗസ്ഥന്മാർ കർഷകരെ അവരുടെ വയലുകളിൽ സഹായിച്ചു; കൃഷിയായുധങ്ങളെപ്പററിയും വളത്തെപ്പററിയും മണ്ണിനെപ്പററിയും അവർ കർഷകരോട് സംസാരിച്ചു. പുതിയ കൃഷിരീതികൾ അവക്കു പറഞ്ഞുകൊടുത്തു. ക്രമേണ പുതിയ സമ്പ്രദായങ്ങൾ പരീക്ഷിച്ചുനോക്കുവാൻ ഗ്രാമീണക്കും താല്പര്യമായി. പുതിയ വിത്തും, പുതിയ വളവും, പുതിയ കൃഷിസമ്പ്രദായങ്ങളും കർഷകക്കു പ്രിയംകരങ്ങളായിത്തീന്നു.


അടുത്ത വഷത്തെ വിളവെടുപ്പ് വിസ്മയജനകമായിരുന്നു. 13 പറ ഗോതമ്പു കിട്ടിയ വയലിൽനിന്ന് 26 പറ വിളഞ്ഞു. മററൊരാൾക്ക് 64 പറയായിരുന്നു കിട്ടിയ വിളവ്. ഇതുപോലെതന്നെയായിരുന്നു മററു ധാന്യങ്ങളുടേയും കഥ. ഗ്രാമത്തിൻെറ അഭിവൃദ്ധിയുടെ തുടക്കമായിരുന്നു ഇത്.

അറയിൽ ധാന്യമായി; കൈയിൽ പണവുമായി. അപ്പോൾ നിരക്ഷരരായിരുന്ന ആ കർഷകക്കു തോന്നി അല്പം പഠിക്കണമെന്ന്. അവരെല്ലാവരുംകൂടി അവിടെ ഒരു പള്ളിക്കൂടം കെട്ടിയുയത്തി. പണസഹായവും ശ്രമദാനവും മൂലം ആ സ്കൂൾക്കെട്ടിടം ഉയന്നു. അവിടെപ്പോയി അവരുടെ കുഞ്ഞുങ്ങൾ വിദ്യ യഭ്യസിച്ചു; രാത്രികാലങ്ങളിൽ ആ വയോജനങ്ങളും പാഠശാലയിലേക്കു നീങ്ങി. പുതുജീവിതത്തിൻെറ ഇമ്പമുള്ള ഹൃദയത്തുടിപ്പുകൾ ആ ഗ്രാമമാകെ മുഴങ്ങി. ഐശ്വര്യപൂർണ്ണമായ ഭാരതത്തിൻെറ ഒരു ചെറിയ ഘടകമായിരുന്ന ആ ഗ്രാമത്തിൽ ജീവിതത്തിന് ഒരു പുതിയ ഉണർവ്വും ചൈതന്യവുമുണ്ടായി.

ഒന്നാം പഞ്ചവത്സരപദ്ധതിയോടുകൂടി മഹാത്മജി വിഭാവനംചെയ്ത ഭാരതം വളരുകയായിരുന്നു.


## വിജ്ഞാനദാഹം

പേന പിടിക്കാനറിഞ്ഞുകൂടായിരുന്ന ഇന്ത്യൻ ഗ്രാമീണർ വടിവുള്ള അക്ഷരങ്ങൾ എഴുതി ശീലിച്ചുകൊണ്ടിരുന്ന അതേ അവസരത്തിൽ, 1947-ൽ, ഇററാലിയൻ ഗവമ്മെൻറ് ഒരു നിയമം പാസ്സാക്കി. ഇററലിയിലെ പരശ്ശതം വിദ്യാവിഹീനരെ വായിക്കാനും എഴുതുവാനും പരിശീലിപ്പിക്കുക എന്നതായിരുന്നു ഈ നിയമത്തിൻെറ ഉദ്ദേശ്യം. വിദ്യാവിഹീനതയ്ക്കെതിരെ പടപൊരുതുന്നതിന് ചില സംഘടനകളും സ്ഥാപിതമായി. 1947-48 സ്കൂൾ വർഷത്തിലാണ് ഒരു അജ്ഞതാനിവാരണലീഗ് സ്ഥാപിതമായതു്. ഇപ്പോൾ ദക്ഷിണ




ഇററലിയിൽ 28 സാംസ്കാരികകേന്ദ്രങ്ങൾ ലീഗിൻെറ വകയായി നടത്തുന്നുണ്ടു്. ഓരോ സെൻ്ററിലും, ഓരോ ക്ലാസുമുറിയും ലൈബ്രറിയുമുള്ള ഓരോ കെട്ടിടമുണ്ടു്. വായിക്കുവാനും എഴുതുവാനും പഠിപ്പിക്കുന്നതിനു പുറമെ, ഈ കേന്ദ്രങ്ങളിൽ ചർച്ചകളും നടത്തപ്പെടുന്നു. ശാസ്ത്രത്തിൻേറയും സാംസ്കാരത്തിൻേറയും, സാന്മാർഗ്ഗികതത്വങ്ങളുടേയും വിവിധപ്രഭാവങ്ങൾ ഇവിടെ ചർച്ചചെയ്യപ്പെടുന്നു. ലീഗിൻെറ പ്രവർത്തനം ഇററലിയുടെ അതിരുകളും കടന്നു മററു രാജ്യങ്ങളിലേയ്ക്കു വ്യാപിക്കുകയുണ്ടായി.

അറിവു സമ്പാദിക്കുന്നതിനു് ഓരോ പൗരനുമുള്ള അവകാശമാണു് ഇതിന്റെയൊക്കെ അടിസ്ഥാനം.




പ്രായം കടന്നെങ്കിലും അക്ഷരം എഴുതിപ്പഠിക്കുകയാണു് ഇയാൾ.



## പുരോഗതിയിലേയ്ക്കുള്ള രാജവീഥി

ഡെമോക്രസി ഒരു മനുഷ്യനേയോ, ഒരു മനുഷ്യസമൂഹത്തെയോ, ഒരു രാജ്യത്തെ പൗരന്മാരെയോ അതിക്രമിച്ചു് വളരേണ്ടതാണു്. ഡെമോക്രസിയുടെ വിജയത്തിനു് എല്ലാ രാജ്യങ്ങളിലേയും മനുഷ്യരുടെ സഹകരണം ആവശ്യമാകുന്നു.

പൊതുലക്ഷ്യത്തെ മുൻനിറുത്തി ഒരുമയോടുകൂടിയുള്ള പ്രവർത്തനം ജനാധിപത്യത്തിൻെറ വളർച്ചയ്ക്കു നിദാനമാണു്. ഇതിനുപററിയ ഒരുദാഹരണമാണു് 'പാൻ അമേരിക്കൻ ഹൈവേ.' പശ്ചിമാർദ്ധഗോളത്തിലെ തലസ്ഥാനനഗരങ്ങളെ മുഴുവൻ കൂട്ടി ഘടിപ്പിക്കാനായിരുന്നു ആദ്യത്തെ പ്ലാനെങ്കിലും, അതു് അതിനെയും ഉല്ലംഘിച്ചു വളർന്നു. അലാസ്ക്കാ മുതൽ ദക്ഷിണഅമേരിക്കയുടെ ഹൃദയഭാഗം വരെയുള്ള 22,000 മൈലിനിടയിൽ ഈ രാജവീഥി രണ്ടു ഭൂഖണ്ഡങ്ങളെ സംയോജിപ്പിക്കുകയും, ഉത്തരായനരേഖ, മധ്യരേഖ, ദക്ഷിണായനരേഖ—

എന്നിവയെ മുറിച്ചു് കടന്നുപോവുകയും ചെയ്യുന്നു. മഞ്ഞണിഞ്ഞ മാമലശൃംഗങ്ങളെച്ചുററി, കാനനഹൃദയങ്ങളെ മുറിച്ചു്, അനവധി കയററങ്ങളും കയറി, ഇറക്കങ്ങളും ഇറങ്ങി ആയിരമായിരം മൈലുകൾക്കപ്പുറത്തേയ്ക്കു് അതു് നീണ്ടുനീണ്ടുപോവുന്നു. ഈ ദീർഘപ്രയാണത്തിൽ രാഷ്ട്രത്തിൻെറ അതിർത്തികളും മുറിച്ചാണു് അതു പോവുന്നതു്. 22 അമേരിക്കൻ റിപ്പബ്ലിക്കുകളെ അതു് സംയോജിപ്പിക്കുന്നു. പലയിനത്തിലും തരത്തിലും പാരമ്പര്യത്തിലും സാംസ്കാരികപശ്ചാത്തലത്തിലുമുള്ള ആളുകളെ അതു് കൂട്ടിയോജിപ്പിക്കുന്നു. ദുർഗ്ഗമവനാന്തരങ്ങൾ ഇതിനുവേണ്ടി വെട്ടിയൊരുക്കിയിട്ടുണ്ടു്; കുതിച്ചുപായുന്ന കാട്ടാറുകളിൽ പാലങ്ങളുയർത്തിയിട്ടുണ്ടു്. പർവ്വതനിരകൾ വെട്ടിയിറക്കിയിട്ടുണ്ടു്. കത്തിയെരിയുന്ന മരുഭൂമികളും തണുത്തുവിറയ്ക്കുന്ന ഹിമവൽശൃംഗങ്ങളും ഭീകരങ്ങളായ മധ്യരേഖാവനപ്രദേശങ്ങളും കടന്നാണതിൻെറ പോക്കു്.

മനുഷ്യപുരോഗതിക്കു് ഇത്തരം ഹൈവേകൾ അത്യാവശ്യമാകുന്നു. കൃഷിയ്ക്കും കച്ചവടത്തിന്നും വാണിജ്യബന്ധങ്ങൾക്കും അതു് സഹായകമാവുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ആളുകൾ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും, ഭാഷയുടേയും സംസ്കാരത്തിൻേറയും വികസനത്തിനും ഹൈവേകൾ വഴിയൊരുക്കുന്നു.

റോഡുകളും അഭിവൃദ്ധികളും തമ്മിൽ ബന്ധമുണ്ടു്. വഴികളില്ലാത്തിടത്തു് ദാരിദ്ര്യമുണ്ടു്; നല്ല വീഥികളുള്ളിടത്തു് ഏററവും മെച്ചപ്പെട്ട സമൂഹജീവിതമുണ്ടായിരിക്കും. രാഷ്ട്രാന്തരീയസഹകരണത്തിൻെറ ഒരു ഉത്തമമാതൃകയാണു് ഈ ഹൈവേ. ഹൈ വേ വേണമെന്നുള്ള ആശയം 1800-ാമാണ്ടോടടുത്താണു് ജന്മം കൊണ്ടതു്. ഹെൻട്രിക്ലേ എന്നൊരു മനുഷ്യനാണു് അതിൻെറ ജനയിതാവു്. എങ്കിലും 1923-നു ശേഷമേ ഗവൺമെൻറു് നിലവാരത്തിൽ അതിനുവേണ്ടി ശ്രമമാരംഭിച്ചുള്ളു.

പാൻഅമേരിക്കൻഹൈവേ, മധ്യ അമേരിക്കൻ രാഷ്ട്രങ്ങളുടെ ഒരു ഗതാഗതമാർഗ്ഗമെന്നതുപോലെ, ആ രാഷ്ട്രങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയുടേയും പുരോഗതിയുടേയും കൂടെ രാജവീഥിയായിത്തീർന്നിരിക്കുന്നു— "അന്താരാഷ്ട്രസഹകരണത്തിൻെറ ഒരു ഉത്തമനിദർശനമാണതു്. അതിൻെറ നിർമ്മിതിയോടുകൂടി അമേരിക്കൻജനത ഏററവും വമ്പിച്ച ഒരു സാമ്പത്തികവിപ്ലവം നേടിയെടുത്തിരിക്കുന്നു."

☆



# 5 ജനാധിപത്യത്തിൻെറ സാമ്പത്തികഘടന

19-ാം നൂററാണ്ടിൽ പല രാഷ്ട്രങ്ങളുടേയും സാമൂഹ്യസാമ്പത്തികഘടനകളിൽ വമ്പിച്ച ചില മാററങ്ങളുണ്ടായി. ചിലേടങ്ങളിൽ ഈ മാററം ഡെമോക്രസിയെ വെല്ലുവിളിച്ചപ്പോൾ, മററു ചിലേടങ്ങളിൽ ഇതു് ഡെമോക്രസിയെപ്പററിയും അതിൻെറ ലക്ഷ്യങ്ങളെപ്പററിയുമുള്ള അറിവിൻെറ വ്യാപ്തി വർദ്ധിപ്പിക്കുകയാണു ചെയ്തതു്. ഇതിൻെറ പേരു് വ്യാവസായികവിപ്ലവമെന്നാണു്.

യാന്ത്രികയുഗത്തിനുമുമ്പു് ഗവമ്മെൻറുകളുടെ ജോലി വളരെ ലഘുവായിരുന്നു. ബാഹ്യമായ ആക്രമണങ്ങളിൽനിന്നു് രാജ്യത്തെ രക്ഷിക്കുകയും, ആഭ്യന്തരക്രമസമാധാനങ്ങൾ പാലിക്കുകയുമായിരുന്നു ഗവമ്മെൻറിൻെറ ചുമതലകൾ. വീടു്, പള്ളി, ഗിൽഡ് ഇവയെ ചുററിപ്പററി നിന്നിരുന്നു ജനങ്ങളുടെ ജീവിതം. ഒരു നാട്ടുപ്രഭുവിനുവേണ്ടി അവർ പണിയെടുത്തു; ഭരണാധികാരികൾക്കു കരം കൊടുത്തു; ആവശ്യപ്പെട്ടാൽ സൈനികസേവനമനുഷ്ഠിക്കും—ഇത്രമാത്രമായിരുന്നു പ്രജകളുടെ കർത്തവ്യങ്ങൾ.

19-ാം നൂററാണ്ടിലുണ്ടായ വമ്പിച്ച കണ്ടുപിടുത്തങ്ങളുടെ ഫലമായി സമുദായം വളരെ സങ്കീർണ്ണമായി. ജനങ്ങളുടെ മാറിയ അഭിരുചിക്കനുസരിച്ചു് ഭരണം നടത്താൻ പഴയ ഗവമ്മെൻറുകൾക്കു് കഴിയാതെ വന്നു. ജനങ്ങൾ പട്ടണത്തിലേയ്ക്കൊഴുകിത്തുടങ്ങിയതിനോടെ ഗുരുതരങ്ങളായ പലേ പ്രശ്നങ്ങളും തലയയുർത്തി. പരിമിതമായ താമസസൗകര്യങ്ങൾ, ഭക്ഷ്യദൗർല്ലഭ്യം, കുടുംബസമൂഹബന്ധങ്ങൾക്കു വന്ന ശൈഥില്യം, തൊഴിലാളികളെ ചൂഷണംചെയ്യൽ ഇവയെല്ലാം വ്യാവസായികവിപ്ലവത്തിൻെറ ഫലങ്ങളായി

ത്തീർന്നു; ഇവയെല്ലാം പരിഹാരം കാണേണ്ടതായും വന്നു.

നഗരങ്ങളുടെ ഇരുണ്ട മൂലകളിലിരുന്ന മനുഷ്യർ ഈ പ്രശ്നങ്ങൾ ചർച്ചചെയ്തു. ലോക്ക്, വോൾട്ടയർ, മൊണ്ടെസ്ക്യൂ തുടങ്ങിയവർക്ക് ജനങ്ങളോടു പലതും പറയാനുണ്ടായി. അവരുടെ അഭിപ്രായങ്ങൾ ഒരു സമൂഹത്തിന്റെ അഭിപ്രായമായിത്തീർന്നു. ആ അഭിപ്രായങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി ഗവർമ്മെന്റുകളെക്കൊണ്ടു് നിയമനിർമ്മാണം ചെയ്യിക്കുന്നതിനു് സംഘടിതയത്നം ആവശ്യമാണെന്നു് അവർക്കു മനസ്സിലായി.



## പരിഹാരമാർഗ്ഗം

ലോകത്തിലെ ഏററവും പുരാതന റിപ്പബ്ലിക്കായ സ്വിററ്സർലണ്ടിൽ സ്വതന്ത്രമായ ഒരു സാമ്പത്തികക്രമമാണുള്ളതു്. സ്കാൻഡിനേവ്യൻ രാഷ്ട്രങ്ങളിലാണെങ്കിൽ, സ്റ്റേററിന്റെ നിയന്ത്രണങ്ങളും സഹകരണപ്രസ്ഥാനവും സ്വതന്ത്രമത്സരത്തെ ഹനിച്ചുകളഞ്ഞു. ബ്രിട്ടനിലെ പ്രധാന വ്യവസായങ്ങളെല്ലാം ഗവർമ്മെന്റുവകയാണു്. അമേരിക്കയിൽ സ്വകാര്യമേഖലയ്ക്കാണു് പ്രാധാന്യമെങ്കിലും അവയുടെ മേൽ സർക്കാരിന്റെ നിയന്ത്രണമുണ്ടു്. ഘനവ്യവസായത്തിന്റെ വളർച്ചയ്ക്കു് ജനാധിപത്യസോഷ്യലിസമാണു് ഇന്ത്യ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗമെങ്കി

ലും, കുടിൽവ്യവസായങ്ങൾക്ക് അവിടെ പ്രോത്സാഹനമുണ്ട്. ഭൂപരിഷ്ക്കാരമവിടെയും നടപ്പിലാക്കപ്പെടുന്നു; കാർഷികവിപ്ലവം ആരംഭിച്ചിരിക്കുന്നു. വ്യവസായവിപ്ലവത്തിന്റെ പ്രശ്നങ്ങൾക്കു വിവിധതരത്തിലുള്ള പരിഹാരങ്ങളാണിവയെല്ലാം.

എന്നാൽ വ്യാവസായികമേഖലയിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പററിയതെന്ന് തോന്നിയ ഒരു തത്വം, കാറൾമാർക്സ് രൂപപ്പെടുത്തി. ജർമ്മനിയിലെയും ഇംഗ്ലണ്ടിലെയും തൊഴിലാളികളുടെ നില അന്ന് പരിതാപകരമായിരുന്നു. മുതലാളികളും, ഭൂരിപക്ഷം തൊഴിലാളികളും തമ്മിലുള്ള വിടവ് നികഴ്ത്താൻ വയ്യാത്തതായിരുന്നു. ന്യൂനപക്ഷമുതലാളികൾ സമ്പത്തു വീണ്ടും കൂമ്പാരം കൂട്ടിക്കൊണ്ടിരുന്നു; സാധുവും നിരാശ്രയനുമായ തൊഴിലാളിയുടെ നില അനുദിനം വഷളായിക്കൊണ്ടുമിരുന്നു.

വ്യവസായത്തിനു മൂലധനം മുടക്കുന്ന ചുരുക്കം 'മുതലാളി'മാർ തൊളിലാളികളുടെ നില മെച്ചപ്പെടുത്തുന്നതിനൊന്നും ചെയ്യുകയില്ലെന്ന് മാർക്സ് വിശ്വസിച്ചു. "അദ്ധ്വാനിക്കുന്ന" തൊഴിലാളികൾ ബലം പ്രയോഗിച്ച് ഫാക്ടറികളും കൃഷിസ്ഥലങ്ങളും ഗവമ്മെൻറതന്നെയും പിടിച്ചടക്കണമെന്നും ഒരു "വർഗ്ഗരഹിത"സമൂഹം കെട്ടിപ്പടുക്കണമെന്നും അതുമാത്രമേ ഇതിനു പരിഹാരമായിരിക്കുകയുള്ളു എന്നും മാർക്സ് പറഞ്ഞു. ഈ മാതൃകാസമുദായത്തിൽ "ഉല്പാദനോപകരണങ്ങൾ" പൊതുസ്വത്തായിരിക്കും; ഭരണം "അദ്ധ്വാനിക്കുന്ന"വരായിരിക്കും നടത്തുക!

മാർക്സ് വിഭാവനംചെയ്ത ഈ സമുദായം എന്നാണാവോ രൂപംകൊള്ളുക!

എന്നാൽ ജനാധിപത്യരീതിയിൽ പണിയെടുക്കുകയും സാമ്പത്തികശക്തികളെ തങ്ങൾക്കനുഗുണമായി സജ്ജമാക്കുകയും ചെയ്ത് സംഘടിതമായി പ്രവർത്തിക്കുന്ന സ്വതന്ത്രമനുഷ്യർക്ക് വളരെ മെച്ചപ്പെട്ട നിലയിലേയ്ക്കുയരുവാൻ കഴിയുമെന്ന് മാർക്സ് ധരിച്ചില്ല. "മുതലാളിത്ത"രാജ്യങ്ങളിലെ തൊഴിലാളികൾ ഒന്നിനൊന്നു താഴുകയല്ല, മേത്തരം ജീവിതനിലവാരത്തിലേയ്ക്കുയരുകയാണുചെയ്യുന്നതു്. എന്നാൽ "അദ്ധ്വാനിക്കുന്നവരാകട്ടെ, ഒന്നിനൊന്നു കീഴോട്ടാണു" വളരുന്നതു്. മാർക്സ് ദീർഘദർശനംചെയ്ത വർഗ്ഗസമരത്തിനു പകരം, തൊഴിലാളി-മുതലാളി സഹകരണവും, പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനവും മൂലം തൊഴിലാളികളുടെ നില വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. "മുതലാളിത്ത"രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്വിപ്ലവപ്രസ്ഥാനം ദുർബ്ബലമായിക്കൊണ്ടിരിക്കുന്നു.

അമേരിക്കൻട്രേഡ്യൂണിയനുകൾ പിടിച്ചടക്കാൻ വർഷങ്ങളായി കമ്മ്യൂണിസ്റ്റ് പാർട്ടി ശ്രമിക്കുന്നു; പക്ഷേ പരാജയപ്പെടുന്നതേയുള്ളു. തൊഴിലാളികളുടെ വോട്ടു നേടുന്നതിൽപോലും അവർ വിജയിച്ചില്ല. "അമേരിക്കയിൽ ഒരു തൊഴിലാളിയായിരിക്കുക എന്നതു് ഒരപമാനമല്ല. ഏതു പൗരനെപ്പോലെയും തുല്യനും അഭിമാനിയുമാണു് ഒരമേരിക്കൻ തൊഴിലാളി".

ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പ് കിട്ടിക്കൊണ്ടിരുന്ന കൂലിയുടെ ആറിരട്ടിയാണു് ഇന്നു് ഒരമേരിക്കൻ തൊഴിലാളിക്കു കിട്ടുന്നതു്. വിലക്കൂടുതലും നികുതിവർദ്ധനയും പരിഗണിച്ചാൽതന്നെയും നാലംഗങ്ങളുള്ള ഒരമേരിക്കൻ തൊഴിലാളി

കുടുംബത്തിലെ പണിയെടുക്കുന്ന ഒരുവ്യക്തിയുടെ ക്രയശക്തി 1914-ലുണ്ടായിരുന്നതിൻെറ രണ്ടരയിരട്ടിയാണ്. മാത്രമല്ലാ, താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾ മദ്ധ്യവരുമാനക്കാരായി വളർന്നുകൊണ്ടുമിരിക്കുന്നു. ചരിത്രത്തിലെ മഹത്തായ സാമൂഹ്യവിപ്ലവങ്ങളിലൊന്നായി ഈ മാററം കണക്കാക്കപ്പെടുന്നു.


എന്താണിതിനു കാരണം? കാരണം മുതലാളിത്തം തന്നെ. മാർക്സ് എതിർത്ത മുതലാളിത്തമല്ല, ആഴമേറിയ ധാർമ്മികചിന്തകളിലടിയുറച്ച സാമൂഹ്യ ഉത്തരവാദിത്വങ്ങളുടെ പങ്കുവയ്ക്കലിൽ നിന്നുയിർകൊണ്ട ഒരു പുതിയ മുതലാളിത്തമാണ് ഇതിൻെറ കാരണം.

സമൂഹത്തിലെ എല്ലാവരുടെയും ആവശ്യങ്ങൾക്കനുസൃതമായി, വളർച്ചയ്ക്കും അംഗീകരണത്തിനുമുള്ള എല്ലാവരുടേയും ആഗ്രഹത്തിന് വളരാൻ അവസരങ്ങൾ നല്കിക്കൊണ്ട്, രൂപംകൊണ്ട പകർത്വവന്ന ഒരു മുതലാളിത്വത്തിനുമാത്രമേ, ഈ വമ്പിച്ച മാററം വരുത്തുവാൻ കഴിയൂ. എല്ലാ സാമൂഹ്യരാഷ്ട്രീയജീവിതങ്ങളേയും ഉൾക്കൊള്ളുന്ന ചില കോർപ്പറേഷനുകളിൽ രാഷ്ട്രത്തിൻെറ ശക്തിയും സമ്പത്തും കേന്ദ്രീകരിച്ചിരിക്കുന്നു.

നൂറുവർഷമായി മാർക്സ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതിയിട്ട്. എന്നാൽ ഇക്കാലത്തിനിടയ്ക്ക്, ഒരു വ്യക്തിയുടെ ജോലിസമയത്തിൻെറ അടിസ്ഥാനത്തിൽ, അമേരിക്കയുടെ ഉല്പാദനം വർഷത്തിൽ രണ്ടു ശതമാനമെന്ന കണക്കിലുയർന്നു. 1900-നുശേഷം, അതു മൂന്നിരട്ടിയായി. ജോലിസമയം ഇപ്പോൾ പഴയതിലും കുറഞ്ഞിട്ടുണ്ട്. ഒരാഴ്ചയിലെ ജോലിസമയം ശരാശരി 40 മണിക്കൂറാണ്; 70 മണിക്കൂറായിരുന്നു 100 വർഷം മുമ്പ്. 1850-നുശേഷം അമേരിക്കയുടെ ദേശീയ വരുമാനം 800 കോടി ഡോളറിൽനിന്ന് 23,900 കോടി ഡോളറായി ഉയർന്നു. തൊഴിലാളികൾക്ക് ഉയർന്ന കൂലിയും കൂടുതൽ വിശ്രമസമയവും മററു സുഖകരമായ തൊഴിൽ സൗകര്യങ്ങളും ലഭിച്ചിട്ടുമുണ്ട്.

## കരാറുകളും പങ്കാളിത്തവും

1948-നുശേഷമാണ് അമേരിക്കൻ സാമ്പത്തികതത്വശാസ്ത്രത്തിനനുസൃതമായി തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള കരാറുകൾ ഉണ്ടാക്കപ്പെട്ടതു്. 1948 മേയ്മാസത്തിൽ യുണൈററഡ് ഓട്ടോമൊബൈൽ വർക്കേഴ്സും ജനറൽ മൊട്ടോഴ്സ് കമ്പനിയും തമ്മിൽ ഒരു കരാറുണ്ടാക്കി. ദേശീയവരുമാനവർദ്ധനവിൻെറ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് വാർഷികശമ്പളവർദ്ധന നല്കുണമെന്നതായിരുന്നു ഈ കരാറിൻെറ താല്പര്യം. ഇതു് ഒരു പരീക്ഷണമായിരുന്നു. ഉല്പാദനത്തിൽ വർദ്ധനവ് സാദ്ധ്യമാകുമെന്നു് തെഴിലാളിയും തൊഴിലുടമയും ഇതുമൂലം തെളിയിച്ചു. 1950–ൽ ഈ കരാർ ഒരു പഞ്ചവത്സരകരാറായി പരിഷ്കരിച്ചു. ഇതനുസരിച്ചു് കരാർ നിലനില്ക്കുന്ന 5 വർഷവും, ഓരോ വർഷവും, മണിക്കൂറിനു് 5 സെൻ്റെന്ന കണക്കിൽ ശമ്പളവർദ്ധനവും ജീവിതനിലവാരത്തിൻേറയും വിലസൂചികയുടേയും അടിസ്ഥാനത്തിലുള്ള അലവൻസും നല്കുന്നതാ




ന്യൂയോക്കുനഗരത്തിനു സമീപമുള്ള ജോൺസ്ബീച്ചിൽ തൊഴിലാളികൾ സൂര്യസ്നാനം, ബോട്ടിംഗ്, പിക്ക്നിക് എന്നിവയ്ക്കായി സമ്മേളിക്കുന്നു.


ണെന്നു് നിശ്ചയിക്കപ്പെട്ടു. ഈ അഞ്ചുവർഷക്കാലത്തേയ്ക്കു് യാതൊരു തൊഴിൽ പ്രശ്നവും മാനേജ്മെൻ്റിനു് നേരിടേണ്ടിവരുന്നില്ല.

മററാനുകൂല്യങ്ങളും അമേരിക്കൻതൊഴിലാളികൾക്കു കിട്ടുന്നുണ്ടു്. ദിവസം 8 മണിക്കൂർ വീതം ആഴ്ചയിൽ 5 ദിവസം ജോലി, ശമ്പളത്തോടുകൂടി അവധി, ഇൻഷ്വറൻസ്, പെൻഷൻ തുടങ്ങിയ പല ആനുകൂല്യങ്ങളും അവർക്കു ലഭിച്ചുതുടങ്ങി. ഇരുപതാം നൂററാണ്ടായതിനോടുകൂടി, അമേരിക്കയിലെ $\frac{1}{2}$ തൊഴിലാളികുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ടായി. ഇപ്പോൾ പകുതിപ്പേർക്കുമുണ്ടു് വീടു്. മററുതരത്തിൽ അവരുടെ ജീവിതനിലവാരം ഉയർന്നു. വിദ്യാഭ്യാസപരമായി അഭിവൃദ്ധിപ്പെടുവാനും അവർക്കു കഴിഞ്ഞിട്ടുണ്ടു്.

1850-ൽ അമേരിക്കയിലെ ജോലിയുടെ 65 ശതമാനവും മനുഷ്യനും മൃഗവും കൂടിയാണു് ചെയ്തിരുന്നതു്. ഇപ്പോൾ വയലുകളിൽ കുതിരകളെ കാണ്മാനേയില്ല. ഒരു ശതമാനം ജോലി മാത്രമേ ഇപ്പോൾ മൃഗങ്ങൾ ചെയ്യുന്നുള്ളു. അത്രയും ജോലിയേ മനുഷ്യർക്കുമുള്ളു. 98 ശതമാനം പണിയും നടത്തുന്നതു് യന്ത്രങ്ങളാണു്. വ്യവസായങ്ങൾ യന്ത്രവൽകൃതങ്ങളായതിനോടുകൂടി തൊഴിലില്ലായ്മയും തലപൊക്കിത്തുടങ്ങി. വ്യാവസായികസമുദായത്തിൻ്റെ വളർച്ചയ്ക്കുള്ള അനിവാര്യമായ ഒരു ദൂഷ്യഫലമാണിതു്. ഇതിനു് തൃപ്തികരമായ പരിഹാരം ഒരിടത്തും കാണുക അസാദ്ധ്യമാണെന്നിരിക്കിലും, തൊഴിലില്ലാത്തവരുടെ ഇൻഷ്വറൻസ്, സൗജന്യപൊതുതൊഴിൽ സർവ്വീസുകൾ, ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയ നിരവധി മാർഗ്ഗങ്ങളിലൂടെ ഈ പ്രശ്നത്തിനു് ഏറെക്കുറെ പരിഹാരം കാണുവാൻ അമേരിക്കയ്ക്കു കഴിഞ്ഞിട്ടുണ്ടു്. യന്ത്രങ്ങൾ മനുഷ്യരെ തൊഴിലില്ലാത്തവരാ



ബിരുദസ്വീകരണദിനം— അമേരിക്കയിൽ വിദ്യാർത്ഥികൾക്ക് 12 വർഷത്തെ സൗജന്യമായ പ്രൈമറി-സെക്കണ്ടറി വിദ്യാഭ്യാസം ലഭിക്കുന്നു.




വിശ്രമവേളകളിൽ കലാപരിപാടികൾക്ക് സൗകര്യമുണ്ട്. ബോസ്റ്റണിലെ ഹാച്ച്മെമ്മോറിയൽ ഹാളിലെ ഒരു സംഗീതക്കച്ചേരിയാണ് ചിത്രത്തിൽ കാണുന്നത്.


ക്കുകയല്ല, കാലക്രമേണ തൊഴിലുള്ളവരാക്കുകയാണ് ചെയ്യുന്നതെന്ന് അനുഭവം തെളിയിച്ചിരിക്കുന്നു.

ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ ഫലമായി തൊഴിൽസൗകര്യങ്ങൾ വളരെ വർദ്ധിച്ചിട്ടുണ്ട്. ഗവേഷണത്തിനും ശാസ്ത്രീയവികസനത്തിനുമായി ഫെഡറൽ ഗവമ്മെൻറ് ഒരു ലക്ഷം കോടി ഡോളർ ഒരു വഷം ചിലവാക്കുന്നുണ്ട്; ഏകദേശം ഇത്രയും തുക സ്വകാര്യവ്യവസായികൾക്കും നല്കുന്നു. പുതിയ ശാസ്ത്രീയ നേട്ടങ്ങളും തൽഫലമായി പുതിയ ഉദ്യോഗങ്ങളുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

തൊഴിലാളികളുടെ സ്ഥാനവും, നിലയും മുമ്പത്തേക്കാളേറെ വർദ്ധിച്ചിട്ടുണ്ട്, അമേരിക്കയിൽ. പരസ്പരകൂടിയാലോചനകളുടെയും ധാരണയുടെയും ഫലമായിരിക്കണം, വ്യാവസായികനയരൂപീകരണമെന്ന് മാനേജ്മെൻറുകളും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.



വ്യവസായോല്പന്നങ്ങളുടെ ഗുണം വദ്ധിപ്പിക്കുന്ന കാര്യത്തിൽ അമേരിക്ക പ്രത്യേകം നിഷ്കർഷിക്കുന്നു. പെയിൻറുകളും, തുണികളും ഒരു തുറന്ന സ്ഥലത്തു വെച്ചുപരിശോധിക്കുന്നതിനുള്ള സജ്ജീകരണമാണു് ചിത്രത്തിൽ കാണുന്നതു്.



അമേരിക്കയിലെ വ്യവസായങ്ങൾ ജനബാഹുല്യമുള്ള നഗരങ്ങളിൽനിന്നും ഗ്രാമങ്ങളിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നു.



അമേരിക്കയിലെ തൊഴിൽത്തർക്കങ്ങൾ കലാപങ്ങൾകൊണ്ടല്ല, സഹകരണംകൊണ്ടാണ് പരിഹരിക്കപ്പെടുന്നത്. എന്തു തർക്കമുണ്ടായാലും തൊഴിലാളിസംഘടനയും കമ്പനിയും തമ്മിൽ സഹകരിച്ചു ഒത്തുതീർപ്പുണ്ടാക്കുന്നു.

## കൂട്ടായ വിലപേശൽ

തൊഴിലാളി-തൊഴിലുടമബന്ധങ്ങളുടെ ഏററവും അംഗീകൃതമായ ഒരു രീതി കൂട്ടായ വിലപേശലാണ്. കൂട്ടായ വിലപേശലിനു വിലയുണ്ടെന്നു വന്നതിനോടുകൂടി ലേബർയൂണിയനുകളുടെ അംഗസംഖ്യ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പരസ്പരബഹുമാനത്തിന്റെയും വസ്തുതകളുടെ സൂക്ഷ്മമായ പരിഗണനയുടെയും അടിസ്ഥാനത്തിലാണ് ഇന്നത്തെ കൂട്ടുവിലപേശൽ. ഇത്തരം വിലപേശലുകളുടെ ഫലമായി രൂപംകൊണ്ട 10,0000-ൽ അധികം കരാറുകൾ അമേരിക്കയിൽ ഇന്നു നിലവിലിരിക്കുന്നു.

ഇരുകൂട്ടർക്കും—തൊഴിലാളിയ്ക്കും തൊഴിലുടമയ്ക്കും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും, അവ അന്യോന്യം പരിഗണിക്കപ്പെട്ടുകാണുന്നതിനും തുല്യാവകാശമുണ്ടെന്ന ബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഉടമ്പടികൾ ഉണ്ടാക്കാറുള്ളത്. "കൂട്ടായ വിലപേശൽസമ്മേളനങ്ങൾ, വാദം ജയിക്കുന്നതിനുവേണ്ടിയുള്ളതല്ലാ പ്രശ്നങ്ങൾ പരിഹരിച്ചു കാണുന്നതിനുവേണ്ടിയുള്ളതാണെന്നും, അവ വ്യാവസായികഭദ്ര



അനാരോഗ്യകരങ്ങളായ ഫാക്ടറികൾ തൊഴിലാളി–മുതലാളി സഹകരണത്തിൻെറ ഫലമായി പരിഷ്കരിക്കപ്പെട്ട് സ്വച്ഛസുന്ദരങ്ങളായിത്തീർന്നിരിക്കുന്ന കാഴ്ച ചിത്രത്തിൽ കാണാം.

തയുടെ മൗലികമായ കാരണമാണെ"ന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

തൃപ്തികരമായ വ്യാവസായികബന്ധങ്ങളുടെ കാരണം വിശകലനം ചെയ്യുമ്പോൾ അമേരിക്കയിലെ നാഷനൽ പ്ലാനിംഗ് അസോസ്യേഷൻ നിരവധി ഫാക്ടറികളെ പഠനവിഷയമാക്കുകയുണ്ടായി. റോച്ചസ്റ്ററിലെ ഒരു വസ്ത്രനിർമ്മാണശാലയാണ് "ഹിക്കിഫ്രീമാൻ കമ്പനി". 1919-നുശേഷം ഇവിടെ ഒരു പണിമുടക്കുമുണ്ടായിട്ടില്ല. "മാനേജ്മെൻറും തൊഴിലാളിയൂണിയനും തമ്മിലുള്ള യോജിപ്പും അന്യോന്യബഹുമാനവും ഈ കമ്പനിയുടെ അനുദിനജീവിതത്തിൻെറ തന്നെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു; തൊഴിലാളിസമരം എന്ന വാക്കുകൾ തന്നെ അവരുടെ സ്മരണയിൽനിന്നു മാഞ്ഞുകഴിഞ്ഞു..."


അവിടെ അന്യോന്യ ഉത്തരവാദിത്വങ്ങളും ചുമതലകളും അംഗീകരിക്കപ്പെടുന്നു; പുരോഗതിയ്ക്കും വളർച്ചയ്ക്കും വേണ്ടിയുള്ള യത്നങ്ങൾ മാനിക്കുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നു. തന്മൂലം മാനേജ്മെൻറിൻെറയും തൊഴിലാളിയൂണിയൻെറയും പ്രവർത്തനങ്ങൾ വിസ്മയകരമാംവണ്ണം ഒരു ചാലിൽക്കൂടി നീങ്ങിക്കൊണ്ടിരിക്കുന്നു. തൊഴിലാളിയൂണിയൻ ചെയർമാൻെറ പ്രവർത്തനത്തിനു വേണ്ട സമയവും ഓഫീസ് സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതു് മാനേജ്മെൻറാണ്.

പ്രതിവർഷമുള്ള ശമ്പളവർദ്ധനവിനു പുറമെ, ഹിക്കിഫ്രീമാൻ കമ്പനിയിൽ, ആരോഗ്യ-അപകട ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, ശമ്പളത്തോടുകൂടിയ അവധികളും ഒഴിവുദിവസങ്ങളും വാർദ്ധക്യകാലപെൻഷൻ തുടങ്ങിയവകൂടി ലഭിക്കുന്നുണ്ട്. തൊഴിൽസമരങ്ങള



ഓരോ വ്യവസായശാലയ്ക്കും അതിന്റേതായ ആരോഗ്യകേന്ദ്രമുണ്ടായിരിക്കും. ഒരു ഫാക്ടറിയിലെ തൊഴിലാളികൾ വൈദ്യപരിശോധനയ്ക്ക് അവസരം പാർത്തിരിക്കുന്നതാണ് ചിത്രത്തിൽ കാണുന്നത്.

തൊഴിലാളി-മുതലാളി സഹകരണത്തിന്റെ മറെറാരു ഫലം: തൊഴിലാളിക്കുടുംബങ്ങൾക്കുവേണ്ടി കുറഞ്ഞ ചെലവിൽ പണികഴിപ്പിച്ചിട്ടുള്ള മനോഹരമായ ഒരു നിവാസകേന്ദ്രം.






തൊഴിലാളികളുടെ സന്താനങ്ങൾക്കുവേണ്ടിയുള്ള ഒരു നെഴ്സറികേന്ദ്രം.



തൊഴിലാളികളും തൊഴിലുടമയുടെ പ്രതി
നിധികളും പങ്കെടുക്കുന്ന ഒരു വിരുന്ന്.



തൊഴിലാളികുടുംബങ്ങളിൽനിന്നുള്ള ഒരു
സംഘം സ്കോളർഷിപ്പ് വിദ്യാർത്ഥികൾ



ബിസിനസ് വികസിപ്പിക്കുന്നതിൽ വ്യാപൃതനായ ഒരു തൊഴിലുടമ ബാങ്ക് പ്രതിനിധികളുമായി അക്കാര്യം ചർച്ച ചെയ്യുന്നു.

ല്ലാ തൊഴിലിലുള്ള പങ്കാളിത്തമാണ് തങ്ങളുടെ വിജയത്തിനു നിദാനമെന്ന് അവർ ബോധവാന്മാരാണ്. വ്യവസായത്തിനു ഗുണകരമായിട്ടുള്ളത് തൊഴിലാളിക്കും പ്രയോജനപ്രദമാണെന്ന തത്വം അവിടെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. യൂണിയനിൽ അന്തഃഛിദ്രങ്ങളുണ്ടാക്കി മുതലെടുക്കാൻ വന്ന കമ്മ്യൂണിസ്റ്റുകളോട്, അതിനുള്ള സ്ഥാനം ഇവിടെയല്ലെന്നാണ് അവർ പറഞ്ഞുവിട്ടത്.

കൂട്ടവിലപേശൽരീതി പ്രയോഗത്തിൽ വന്നതിനുശേഷം തൊഴിൽസമയം വളരെ കുറയുകയും ശമ്പളനിരക്ക് അത്രയും കൂടുകയും ചെയ്തിട്ടുണ്ട്. വ്യവസായത്തിന്റെ കഴിവിനനുസൃതമായതേ അവർ ചോദിക്കാറുള്ളൂ. കഴിവിൽ കവിഞ്ഞതു ചോദിക്കുകയും സമരം ചെയ്ത് വാങ്ങിക്കുകയും ചെയ്യുന്നത് ഇരുകൂട്ടരുടെയും നാശത്തിനു കാരണമാകുന്നു എന്നവർക്ക് നന്നായറിയാം.



BOOK-A-MONTH CLUB

## എന്താണീ ഡമോക്രസി?

ജനാധിപത്യത്തിനു വളരെ അധികം പ്രാധാന്യം കല്പിക്കുന്ന ഈ സന്ദർഭത്തിൽ ജനാധിപത്യം എന്തെന്നു് ഈ ചിത്രപുസ്തകത്തിൽക്കൂടി പഠിക്കുക.

### ഉള്ളടക്കം

1. ജനാധിപത്യത്തിന്റെ മുഖം
2. ജനാധിപത്യത്തിന്റെ വേരുകൾ
3. തുടരുന്ന പാരമ്പര്യങ്ങൾ
4. ജനാധിപത്യം പ്രയോഗത്തിൽ
5. ജനാധിപത്യത്തിന്റെ ഭരണഘടന.

എല്ലാം ചിത്രങ്ങളിൽ

വില രൂപാ 2/-

രണ്ടാം ഭാഗം ഉടനെ പ്രതീക്ഷിക്കുക.

